# ബ്രെക്സിറ്റ് : ഒരു ട്രാജികോമഡി

മുരളീധരൻ നായർ

**ജനഹിതത്തെ തള്ളാൻ പാർലമെന്റിനു കഴിയുമായിരുന്നില്ലെങ്കിലും ബ്രിട്ടീഷ് മന്ത്രിസഭയെ ബ്രെക്സിറ്റിൻറെ കാര്യത്തിൽ കൂച്ചുവിലങ്ങിടാൻ സാമാജികർക്ക് മടിയുണ്ടായില്ല. അതേസമയം ജനഹിതം നടപ്പാക്കാൻ പാർലമെന്റിനുള്ള ബാധ്യത നിറവേറ്റാൻ അവർക്കായതുമില്ല. ഇതു ജനഹിതപരിശോധനകളുടെ പ്രായോഗികതയെക്കുറിച്ച് ചോദ്യങ്ങളുയർത്തുന്നു. ജനപ്രതിനിധികൾ അടിക്കടി ജനഹിതപരിശോധനകളെ ആശ്രയിക്കുന്നതിൻറെ ഔചിത്യത്തെ ലേഖകൻ ചോദ്യം ചെയ്യുകയാണ്. ഒരേ ജനസമൂഹം അടിക്കടി അഭിപ്രായം മാറ്റുന്നത് അദർശങ്ങളേക്കാൾ അവരെ സ്വാധീനിക്കുന്നത് വികാരങ്ങളാണെന്നതിനു യൂറോപ്പിൽത്തന്നെ മറ്റുദാഹരണങ്ങളുണ്ട്.**

*ബ്രെക്സിറ്റ് എന്നത് ബ്രിട്ടൻ യൂറോപ്പ്യൻ യൂണിയനിലെ അംഗത്വം ഉപേക്ഷിക്കുന്ന നടപടിക്രമങ്ങളുടെ സംക്ഷേപസംജ്ഞയാണെന്ന് ഏവർക്കുമറിയാം. ബ്രിട്ടൻ എന്ന് ഈ ലേഖനത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നത് യുണൈറ്റഡ് കിങ്ഡം ഓഫ് ഗ്രേറ്റ് ബ്രിട്ടൻ ആൻഡ് നോർത്തേൺ അയർലണ്ട് (യു.കെ.) എന്ന രാഷ്ട്രത്തെ ഉദ്ദേശിച്ചാണ്. ഇംഗ്ലണ്ട്, സ്കോട്-ലൻഡ്, വെയിൽസ് എന്നീ രാജ്യങ്ങൾ അടങ്ങിയ വലിയൊരു ദ്വീപാണ് ഗ്രേറ്റ് ബ്രിട്ടൻ. അല്പം മാറി, ഐറിഷ് റിപ്പബ്ലിക്കുമായി അതിർത്തി പങ്കിട്ട് ഉത്തര അയർലൻഡ് മറ്റൊരു ദ്വീപിലും സ്ഥിതിചെയ്യുന്നു. സാങ്കേതികമായി ശരിയല്ലെങ്കിലും, അനൗപചാരിക തലത്തിൽ ഈ നാലു രാജ്യങ്ങളും ചേർന്ന യു.കെ.യെ ബ്രിട്ടനെന്നും, ജനങ്ങളെ മൊത്തത്തിൽ ബ്രിട്ടീഷുകാരെന്നുമാണ് വിശേഷിപ്പിക്കാറുള്ളത്. ആശയലാള്യത്തിനായി ആ അർഥത്തിലാണ് ബ്രിട്ടൻ, ബ്രിട്ടീഷുകാർ എന്നീ വാക്കുകൾ ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ പദപ്രയോഗൾക്ക് ഏതാണ്ടൊരു ഔദ്യോഗിക സ്വീകര്യതയുണ്ടുതാനും.*

ബ്രിട്ടീഷ് രാഷ്ട്രീയം ചർച്ചചെയ്യുമ്പോൾ പലപ്പോഴും ഓർമ്മവരാറുള്ള ഒരു ചിത്രമുണ്ട്. 2012 ലണ്ടൻ ഒളിമ്പിക്സ് ആഘോഷിക്കുന്ന അന്നത്തെ ലണ്ടൻ മേയർ ബോറിസ് ജോൺസൺ വിക്ടോറിയ പാർക്കിനുമുകളിൽ വലിച്ചുകെട്ടിയിരിക്കുന്ന കേബിളിൽ കുടുങ്ങിക്കിടക്കുന്ന വൈറലായ ചിത്രം. ജാള്യത മറക്കാൻ ഇരുകൈയ്യിലുമുണ്ടായിരുന്ന ബ്രിട്ടീഷ് പതാക ആഞ്ഞുവീശിക്കൊണ്ടിരുന്ന ജോൺസണെ കാലതാമസമില്ലാതെ സാങ്കേതിക ജീവനക്കാരെത്തി താഴെയിറക്കിയെങ്കിലും അത്തരമൊരാഭ്യാസത്തിന് താൻ ഇനി തുനിയില്ലെന്നു പറയാൻ അദ്ദേഹം മടിച്ചില്ല.

2016 ജൂണിൽ നടത്തിയ ജനഹിതപരിശോധനയിൽ യൂറോപ്പ്യൻ യൂണിയൻ വിടാൻ ചെറിയൊരു ഭൂരിപക്ഷത്തോടെയാണെങ്കിലും തീരുമാനിച്ചിരുന്ന ബ്രിട്ടൻ, നിയമം അനുവദിച്ച സമയപരിധിക്കുശേഷവും അതിനുള്ള വ്യവസ്ഥകൾ തീരുമാനിക്കാനാവാതെ 2012-ലെ ജോൺസണെപ്പോലെ ത്രിശങ്കുവിലാണ്. 1993-ൽ ബ്രിട്ടൻ ഈ.യുവിൽ അംഗമായതും, ഇപ്പോൾ അംഗത്വമുപേക്ഷിക്കുന്നതും കൺസർവേറ്റിവ് പാർട്ടിയുടെ ഭരണത്തിൻകീഴിലാണ് എന്നത് യാദൃശ്ചികമാകാം. യൂറോപ്പ്യൻ യൂണിയനുമായുള്ള വേർപിരിയലിന്റെ കാർമികത്വം വഹിക്കുക, 2016 മുതൽ ബ്രിട്ടൻറെ ഭരണസാരഥ്യം കൈയ്യാളാൻ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിന്നെങ്കിലും ദിവസങ്ങൾക്കുമുൻപു മാത്രം പ്രധാനമന്ത്രിയായ ബോറിസ് ജോൺസൺ തന്നെയാകും എന്നതും യാദൃച്ഛികം തന്നെ.

വലതുപക്ഷത്തേക്കുള്ള ജനാധിപത്യലോകത്തിന്റെ പൊതുവെയുള്ള നീക്കം, വർദ്ധിച്ചുവന്നിരുന്ന തദ്ദേശീയരുടെ തൊഴിൽ നഷ്ടം, കുടിയേറ്റക്കാരോടുള്ള വിദ്വേഷം കലർന്ന ഭയം, രാജ്യത്ത് അവിശ്വസനീയമായി ഉയർന്നുകൊണ്ടിരിക്കുന്ന ക്രിമിനൽ കുറ്റങ്ങൾ, അധികാരത്തിനായി രാഷ്ട്രത്തിന്റെ താത്പര്യങ്ങൾ ബലികഴിക്കാൻ മടിയില്ലാത്ത നേതാക്കളുടെ വളർച്ചയും ഉയർച്ചയും, ഇവയ്ക്കെല്ലാം പുറമെ ചില വിഭാഗങ്ങളിൽ നിലനിന്നിരുന്ന ഭരണവിരുദ്ധ വികാരം, അങ്ങിനെ നീളുന്നു ബ്രെക്സിറ്റിനെ അനുകൂലിക്കാൻ ജനങ്ങളെ സ്വാധീനിച്ച കാര്യങ്ങളുടെ പട്ടിക. ഈ കാരണങ്ങളെല്ലാംതന്നെ ശരിയായാലും ഇവയൊന്നും ബ്രിട്ടൻറെ യൂറോപ്യൻ യൂണിയൻ അംഗത്വവുമായി നേരിട്ടുള്ള ബന്ധമുള്ള കാര്യങ്ങളല്ലല്ലോ? അതിനുപുറമെ പ്രധാനമന്ത്രി ഡേവിഡ് കാമറൂൺ ഈ.യുവിൽനിന്നും ബ്രിട്ടനുവേണ്ടി ഉപയോഗപ്രദങ്ങളായ പല ആനുകൂല്യങ്ങളും നേടിയെടുത്തത് ജനഹിതപരിശോധനക്കു തൊട്ടു മുൻപുമാത്രമായിരുന്നു. പോളിംഗ്ബൂത്തിനകത്തെത്തുമ്പോൾ സാധാരണക്കാരെ പലപ്പോഴും സ്വാധീനിക്കുക പ്രധാന പ്രശ്നങ്ങളെക്കാളധികം തങ്ങളുടെ ഇശ്ചാഭംഗങ്ങളും നേതാക്കളോടുള്ള നിരാശയുമായിരിക്കും എന്നത് ബ്രെക്സിറ്റിൻറെ കാര്യത്തിലും ശരിയായി എന്നു പറയാം.

### കോളോണിയൽ ഹാങ്ങോവർ

ബ്രിട്ടന് തങ്ങളുടെ കൊളോണിയൽ ലഹരിയുടെ പിൻഫലമന്ദതയിൽ നിന്നുമുണരാൻ ഇനിയും കഴിഞ്ഞിട്ടില്ലായെന്നതാണ് സത്യം. അഭൂതപൂർവമായ വളർച്ചക്കുശേഷം ചൈനയും, ഇപ്പോൾ ഇന്ത്യയും ലോകത്തെ ഏറ്റവും വലിയ സമ്പത്ഘടനകളുടെ പട്ടികയിൽ ബിട്ടനെ പുറകിലാക്കുന്നു. യൂറോപ്പിലാകട്ടെ ജർമ്മനിക്കുശേഷം ഫ്രാൻസും ബ്രിട്ടന്റെ മുന്പിലെത്തുന്നു. ഇതൊന്നും കണ്ടില്ലെന്നുനടിക്കാൻ കഴയില്ലെങ്കിലും ഏതാനും ദശകങ്ങൾക്കു മുൻപുവരെ ലോകത്തെ അടക്കിവാണിരുന്ന

തങ്ങളുടെ ഗതകാലപ്രതാപത്തെ അയവിറക്കാനാണ് ബ്രിട്ടീഷ് വരേണ്യവർഗത്തിണ് ഇന്നും താത്പര്യം.

യൂറോപ്പ്യൻ യൂണിയൻ രൂപീകരിച്ചതിനു പിന്നിലെ ചേതോവികാരം എന്തായിരുന്നുവെന്ന് ഓർക്കേണ്ടത് ഈ സന്ദർഭത്തിൽ ആവശ്യമാണ്. രണ്ടാം ലോക മഹായുദ്ധം വരെ പരസ്പരം കലഹിച്ചും യുദ്ധം ചെയ്തും കഴിഞ്ഞിരുന്ന യൂറോപ്പിലെ രാജ്യങ്ങൾ ഇനി അതാവർത്തിക്കാതിരിക്കാനും യൂറോപ്പിൽ ശാശ്വതസമാധാനം ഉറപ്പുവരുത്താനും മേഖലയുടെ മൊത്തം സാമ്പത്തികോന്നമനത്തിനായി സഹകരിക്കാനും ഇത്തരം ഒരു കൂട്ടായ്മ കൂടിയേ തീരൂവെന്ന് അടിയുറച്ചു വിശ്വസച്ചതിന്റെ ഫലമായാണ് ഇത് സാധകമായത്. ഏതാനും ചില വർഷങ്ങൾക്കു മുൻപുവരെ പരസ്പരം വെറുത്തിരുന്ന ജനങ്ങൾക്കും, അവരുടെ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും അതിർത്തികളുടെ നിയന്ത്രണങ്ങളില്ലാത്ത ഒറ്റ വിപണിയിലെന്നപോലെ സഞ്ചാര-വിനിമയ സൗകര്യം സാധ്യമായത് അവിശ്വനീയമായ വേഗത്തോടെയായിരുന്നു. ഒരു നാണ്യവും, ഒരു പൊതുവായ പാർലമെന്റും, പല വിഷയങ്ങളിലും ഒരേ നിയമ വ്യവസ്ഥിതിയുമൊക്കെയായി ഏകദേശം ഒറ്റ രാജ്യംപോലെ! പരസ്പരം കലഹിച്ചുകഴിയുന്ന മറ്റു ഭൂഖണ്ഡങ്ങളിലെ അയൽരാജ്യങ്ങൾക്ക് ഇതൊരു ഉത്തമ മാതൃകയായിപ്പോലും പലപ്പോഴും ചൂണ്ടിക്കാട്ടപ്പെട്ടു.

എന്നാൽ, 1951-ൽ യൂറോപ്പ്യൻ കോൾ ആൻഡ് സ്റ്റീൽ കമ്മ്യൂണിറ്റി എന്നപേരിൽ തുടങ്ങി, 1957-ൽ യൂറോപ്പ്യൻ എക്കണോമിക് കമ്മ്യൂണിറ്റിയായി മാറുകയും, പിന്നീട് 1993-ൽ ഇപ്പോഴുള്ള സ്ഥിതിയിൽ യൂറോപ്പ്യൻ യൂണിയൻ എന്ന പേരിൽ അറിയപ്പെടാനും തുടങ്ങിയ ഈ കൂട്ടായ്മക്ക് രൂപം നൽകാനായി തയ്യാറാക്കപ്പെട്ട ആദ്യ മൂന്ന് ഉടമ്പടികളിലും ബ്രിട്ടൻ ചേർന്നിരുന്നില്ല. അതേസമയം, യൂറോപ്പിലെ മറ്റുരാജ്യങ്ങളും ബ്രിട്ടൻറെ ശ്രേഷ്ഠമ്മന്യതാ മനോഭാവത്തെ നീരസത്തോടെയാണ് നോക്കിക്കണ്ടിരുന്നത്. പിന്നീട് മനംമാറ്റമുണ്ടായ ബ്രിട്ടൻ 1963-ലും 1967-ലും ഈ കൂട്ടായ്മയിൽ ചേരാൻ നൽകിയ അപേക്ഷകൾ അന്നത്തെ ഫ്രഞ്ച് പ്രസിഡന്റ് ചാൾസ് ഡി ഗോൾ 'വീറ്റോ' ചെയ്യുകയായിരുന്നു. ബ്രിട്ടനിൽ നിലനിന്നിരുന്ന പല വ്യവസ്ഥകളും രീതികളും യൂറോപ്പ്യൻ നിലപാടുകളുമായി ചേർന്നുപോകില്ലെന്നും, അവയിൽ പലതും ഒരു ഏകീകൃത യൂറോപ്പ്യൻ സങ്കല്പവുമായി ഇണങ്ങിപ്പോകാൻ കഴിയാത്തവയുമാണെന്നുമായിരുന്നു ഡി ഗോളിന്റെ വിശദീകരണം. അതിനും പുറമെ, ബ്രിട്ടന് ഇത്തരമൊരു ആശയത്തോടുതന്നെ ഗാഢവും അന്തര്യാമവുമായ വിമുഖതയാണുള്ളതെന്നുവരെ പറയാൻ ഡിഗോൾ മടികാട്ടിയില്ല.

ചാൾസ് ഡി ഗോൾ സ്ഥാനം ഒഴിഞ്ഞതിനു ശേഷം 1972-ൽ ആണ് ബ്രിട്ടന്റെ യൂറോപ്പ്യൻ യൂണിയൻ അംഗത്വം അംഗീകരിക്കപ്പെടുന്നത്. 1973 ജനുവരി ഒന്നിന് ഔദ്യഗികമായി യൂറോപ്പ്യൻ യൂണിയനിൽ ചേർന്നെങ്കിലും ബ്രിട്ടന് ആ കൂട്ടായ്മയോട് പല കാര്യങ്ങളിലും ഒരുതരം

അയിത്തമനോഭാവമായിരുന്നു. ഉദാഹരണത്തിന്, 1960-കൾ മുതൽ, അതായത് യൂറോപ്പ്യൻ യൂണിയൻറെ മുൻഗാമി സംഘനകളുടെപോലും സ്വപ്നമായിരുന്ന പൊതുനാണയം നീണ്ട ചർച്ചകൾക്കുശേഷം 1999 ജനുവരി ഒന്നിന് നിലവിൽ വന്നപ്പോൾ അതിനെ തങ്ങളുടെ നാണ്യപദ്ധതിയുടെ ഭാഗമാക്കാൻ ബ്രിട്ടൻ തയ്യാറായില്ല. അതേപോലെ 1995-ൽ മറ്റു യൂറോപ്പ്യൻ യൂണിയൻ രാജ്യങ്ങൾ ഷൻഗെൻ (Schengen) ഏകീകൃത വിസാവ്യവസ്ഥിതിയുടെ ഭാഗമായപ്പോൾ ബ്രിട്ടൻ മുഖം തിരിച്ചുനിന്നു. എന്ത് ന്യായീകരണങ്ങൾ പറഞ്ഞായാലും അവർ അടിക്കടി ഇത്തരം തൂണിൽച്ചാരി നയം അവലംബിച്ചത് യഥാർഥത്തിൽ ചാൾസ് ഡീഗോൾ പറഞ്ഞ അതേ കാരണങ്ങൾ കൊണ്ടാണെന്ന ആരോപണത്തിൽ കഴമ്പില്ലാതില്ലെന്ന് ഇപ്പോൾ ബ്രെസ്കിറ്റിലൂടെ സ്വയം തെളിയിക്കുകയും ചെയ്തു.

## ടു ബി, ഓർ നോട്ട് ടു ബി ?

അംഗത്വമെടുത്തയുടൻതന്നെ യൂറോപ്പ്യൻ യൂണിയനിൽ തുടരണോ വേണ്ടയോ എന്ന സംശയം ബ്രിട്ടനിൽ ആരംഭിച്ചു. മുഖ്യമായും സാമ്പത്തിക സഹകരണത്തിനു വേണ്ടി രൂപീകരിച്ച ഈ കൂടായ്മ അപ്പോഴേക്കും വ്യക്തമായ ഒരു രാഷ്ട്രീയഭാവംകൂടി കൈവരിച്ചിരുന്നു. ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക കൂട്ടായ്മയായ ആസിയാനും ഈ രീതിയിലുണ്ടായ മാറ്റം ഓർക്കുക. ഒരുപക്ഷേ ഇത്തരത്തിലുള്ള ഉദ്ദേശദിശാമാറ്റം മാറിക്കൊണ്ടിരിക്കുന്ന ആഗോളസാഹചര്യങ്ങളിൽ അനിവാര്യമാകുന്നതാകാം. എന്നാൽ ഇത്തരം മാറ്റങ്ങൾ തന്നെയാകാം പല അവസരങ്ങളിലും ഇതുപോലുള്ള സംഘടനകളുടെ പ്രവർത്തനസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതും അവരുടെതന്നെ വളർച്ചാഗതിയെ മുരടിപ്പിക്കുന്നതും.

1974-ലെ പൊതുതിരഞ്ഞെടുപ്പിൽ നൽകിയ വാഗ്ദാനമനുസരിച്ച് ലേബർ പാർട്ടി നേതാവും പ്രധാനമന്ത്രിയുമായിരുന്ന ഹാരൾഡ് വിൽസൺ തൊട്ടടുത്ത വർഷം തന്നെ ഇക്കാര്യത്തിൽ ഒരു ജനഹിതപരിശോധന നടത്തി. അതിനു തൊട്ടുമുൻപ് ലേബർ പാർട്ടിയുടെ സമ്മേളനത്തിൽ ഭൂരിപക്ഷം അംഗങ്ങളും യൂറോപ്പ്യൻ യൂണിയൻ അംഗത്വം ഉപേക്ഷിക്കുന്നതിനെ പിന്തുണച്ചിരുന്നെങ്കിലും ജനഹിതപരിശോധനയിൽ പങ്കെടുത്ത ഭൂരിപക്ഷം ജനങ്ങളും യൂറോപ്പ്യൻ യൂണിയനിൽ തുടരുന്നതിനെയാണ് അനുകൂലിച്ചത്!

1983-ലെ തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നാൽ പല കാരണങ്ങൾകൊണ്ടും യൂറോപ്പ്യൻ യൂണിയൻ വിടുമെന്ന് പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പിൽ അമ്പേ പരാജയപ്പെട്ട ലേബർ കക്ഷി അതോടെ ഇക്കാര്യത്തിലുള്ള കടുംപിടുത്തം അവസാനിപ്പിച്ചു. പിന്നീട് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ 1990-ൽ രാജിവയ്ക്കുന്നതുവരെ മൊത്തത്തിൽ യൂറോപ്പ്യൻ യൂണിയനുമായുള്ള ബന്ധങ്ങളിൽ പുരോഗതിയുണ്ടായെങ്കിലും അവരും വ്യക്തിപരമായി ഈ ബന്ധത്തെ ശക്തമായി എതിർത്തിരുന്നു.

പ്രശസ്തമായ ഗോൾഡ്സ്മിത് കുടുംബാഗവും കൗശലക്കാരനായ അധികാരദല്ലാളുമായിരുന്ന സർ ജെയിംസ് ഗോൾഡ്സ്മിത് യൂറോപ്പ്യൻ യൂണിയനിലെ ബ്രിട്ടീഷ് അംഗത്വത്തെ തുടക്കം മുതലേ ശക്തമായി എതിർത്തിരുന്നു. ഫ്രാൻസിലും ബ്രിട്ടനിലും പൗരത്വമുണ്ടായിരുന്ന അദ്ദേഹം യൂറോപ്പ്യൻ യൂണിയൻറെ സൃഷ്ടിയെ മേഖലയിലെ രാജ്യങ്ങളെ ജർമ്മനിയുടെ സ്വാധീനത്തിനുകീഴിൽ കൊണ്ടുവരാനുള്ള കുതന്ത്രമായാണ് കണ്ടിരുന്നത്. 1994-ൽ സർ ജെയിംസ് മുൻകൈയ്യെടുത്തു് റെഫറണ്ടം പാർട്ടി എന്ന പേരിൽ പുതിയൊരു രാഷ്ട്രീയകക്ഷി രൂപീകരിച്ചു. പേരിൽ സൂചനയുള്ളതുപോലെ 1997-ലെ പൊതുതിരഞ്ഞെടുപ്പിൽ ബ്രിട്ടൻ യൂറോപ്പ്യൻ യൂണിയനിൽ തുടരണോ എന്ന കാര്യത്തിൽ വീണ്ടുമൊരു ജനഹിതപരിശോധന വേണമെന്ന മുഖ്യ അജണ്ടയായിരുന്നു പാർട്ടിക്കുണ്ടായിരുന്നത്. എട്ടു ലക്ഷത്തിലധികം വോട്ടുകൾ നേടാനായെങ്കിലും, തിരഞ്ഞെടുപ്പിൽ മത്സരിച്ച 547 സീറ്റുകളിൽ 505 എണ്ണത്തിലും കെട്ടിവച്ച തുക നഷ്ടപ്പെട്ട പാർട്ടിക്ക് ഒരു സീറ്റുപോലും നേടാനായില്ല. അതോടെ പാർട്ടിയുടെ പ്രസക്തി നഷ്ടപ്പെട്ടെങ്കിലും രാജ്യം യൂറോപ്പ്യൻ യൂണിയനിൽ തുടരണോ എന്ന കാര്യത്തിൽ അനിശ്ചിതത്വം തുടർന്നു.

ഇതേ കാലയളവിൽ രൂപീകരിക്കപ്പെട്ട തീവ്ര യൂറോപ്പ്യൻ യൂണിയൻ വിരോധികളായ യു.കെ. ഇൻഡിപെൻഡൻസ് പാർട്ടിക്ക് (യു.കെ.ഐ.പി.) പക്ഷെ ജനപിന്തുണ നേടാനായി. 2004 മുതൽ യൂറോപ്പ്യൻ പാർലമെന്റിലേക്കു നടന്ന ഓരോ തിരഞ്ഞെടുപ്പിലും വർദ്ധിച്ച വോട്ടുശതമാനത്തോടെ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ അവർക്കു കഴിഞ്ഞു. 2014-ൽ നടന്ന യൂറോപ്പ്യൻ പാർലമെൻറ് തിരഞ്ഞെടുപ്പിൽ ബ്രിട്ടനിൽ മറ്റു പരമ്പരാഗത കക്ഷികളേക്കാൾ കൂടുതൽ വോട്ടുകൾ നേടാനായത് യു.കെ.ഐ.പി നേതൃത്തത്തിൻറെ തന്നെ പ്രതീക്ഷകൾക്കപ്പുറമായിരുന്നു. നൂറുവർഷങ്ങൾക്കിപ്പുറം ആദ്യമായാണ് കൺസർവേറ്റീവ്, ലേബർ കക്ഷികളേക്കാൾ കൂടുതൽ വോട്ടുകൾ ഏതെങ്കിലുമൊരു തിരഞ്ഞെടുപ്പിൽ മറ്റൊരുകക്ഷി നേടിയതെന്നോർക്കുക! ഇത്തരം മെച്ചപ്പെട്ട പ്രകടനം ദേശീയ തിരഞ്ഞെടുപ്പുകളിൽ ആവർത്തിക്കാൻ യു.കെ.ഐ.പിക്ക് സാധിച്ചില്ലെങ്കിലും ലേഖനത്തിൽ മറ്റൊരിടത്തു സൂചിപ്പിച്ചിട്ടുള്ളതുപോലെ 2016-ലെ ബ്രെക്സിറ്റ് ജനഹിതപരിശോധനക്കു അന്നത്തെ പ്രധാനമന്ത്രി ഡേവിഡ് കാമറൂണിനെ പ്രേരിപ്പിച്ച പ്രധാന ഘടകങ്ങളിൽ ഒന്ന് ഈ പാർട്ടിക്ക് ലഭിച്ചുകൊണ്ടിരുന്ന വർദ്ധിച്ച ജനപിന്തുണയായിരുന്നു.

തൊണ്ണൂറുകളുടെ ആദ്യം നാണയങ്ങളുടെ ഊഹക്കച്ചവടക്കാരൻ ജോർജ് സോറോസും കൂട്ടരും പല രാജ്യങ്ങളുടെയും നാണ്യങ്ങളെ നിർദ്ദയമായി ആക്രമിച്ചു് അഭൂതപൂർവമായ ലാഭക്കൊയ്ത്തുനടത്തി. ഇതിന്റെ ഭാഗമായി 1992 സെപ്റ്റംബറിൽ പൗണ്ട് സ്റ്റെർലിങ് നിഷ്ഠുരമായ കുരുതിക്കിരയാക്കപ്പെട്ടു. "കറുത്ത ബുധൻ" എന്ന പേരിൽ ഞെട്ടലോടെമാത്രം ഓർക്കാവുന്ന ആ സാമ്പത്തിക അരുംകൊലയിൽ ബ്രിട്ടൻ സഹിച്ച നഷ്ടം

ആ രാജ്യത്തിനു താങ്ങാവുന്നതിലധികമായിരുന്നു. അതോടെ ഈ.യു. നാണ്യവ്യവസ്ഥിയുമായുണ്ടാക്കിയിരുന്ന നിരക്കുബാന്ധവം ബ്രിട്ടൻ അവസാനിപ്പിച്ചു. ഇത് യൂറോപ്പ്യൻ യൂണിയനുമായുള്ള ഏകീകരണത്തിന് ബ്രിട്ടൻ മനസ്സില്ലാമനസ്സോടെയാണെകിലും തുടങ്ങിവച്ച പ്രക്രിയക്കേറ്റ അപരിഹാര്യമായ ആഘാതമായിരുന്നു.

ബ്രിട്ടനിലെ യാഥാസ്ഥികർ ആരോപിക്കുന്നത് ഈ.യുവഴി മറ്റു യൂറോപ്പ്യൻ രാജ്യങ്ങളിലെ ഇടതുപക്ഷ ചിന്താധാരകൾ പിൻവാതിലിലൂടെ ബ്രിട്ടനിൽ ഇറക്കുമതി ചെയ്യപ്പെടുന്നു എന്നാണ്. ഈ.യു. യൂറോപ്പിലെ വൻ കോർപറേറ്റുകളുടെ നീരാളിപ്പിടുത്തത്തിലാണെന്നും ബ്രിട്ടനിൽ കാലാകാലങ്ങളിൽ നടപ്പാക്കേണ്ട പുരോഗമനപരമായ സാമൂഹിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ അവർ വിലങ്ങുതടിയായി നിൽക്കുന്നുവെന്നുമാണ് ലേബർ കക്ഷിയുടേയും മറ്റു വാമപക്ഷ വിഭാഗങ്ങങ്ങളുടേയും ആവലാതി. ചുരുക്കിപ്പറഞ്ഞാൽ, ഈ.യു. അംഗത്വം സ്വീകരിച്ചതിനുശേഷവും പല വിഷയങ്ങളിലും ബ്രിട്ടന് അവരുമായി അഭിപ്രായഭിന്നത തുടർന്നു. ബ്രിട്ടന്റെ നയങ്ങളും അഭിപ്രായങ്ങളും യൂറോപ്പ്യൻ യൂണിയന്റേതുമായി ഇണങ്ങാതെ വരുമ്പോൾ പലപ്പോഴും ഈ.യു. തീരുമാനങ്ങളെ അംഗീകരിക്കാൻ ബ്രിട്ടന് പ്രയാസമായിരുന്നു.

ബ്രിട്ടീഷ് ജനതയാകട്ടെ ഇക്കാര്യത്തിൽ ഒരുതരം ഇരട്ടത്താപ്പാണ് അവലംബിച്ചത്. സ്വതന്ത്ര ഏജൻസികളും മാധ്യമങ്ങളും നടത്തുന്ന അഭിപ്രായ സർവേകളിൽ യൂറോപ്പ്യൻ ഏകീകരണത്തെ എതിർക്കുമ്പോൾത്തന്നെ യൂറോപ്പ്യൻ യൂണിയനിൽ തുടരുന്നതിനെ അനുകൂലിക്കുകയും ചെയ്യുക. അതായത് ഒരുവശത്ത് യൂറോപ്പ്യൻ കൂട്ടായ്മ നൽകുന്ന ഗുണങ്ങൾ വേണം. പക്ഷെ അതിനായി വിട്ടുവീഴ്ച്ചകൾക്കു തയ്യാറാവാതിരിക്കുക. ഇതിന്റെയെല്ലാം മൂലകാരണം അന്നാട്ടുകാരും ഭരണധിപന്മാരും ബ്രിട്ടനുണ്ടെന്നു സ്വയം വിശ്വസിക്കുന്ന "ശ്രേഷ്ഠത" തന്നെ. ലോകത്തെ അടക്കിവാണിരുന്ന കാലം കടന്നുപോയെന്ന് അവർ പലപ്പോഴും മറന്നുപോകുന്നു. ഗ്രെയ്റ്റ് ബ്രിട്ടൻ എന്ന പേരിലെ "ഗ്രെയ്റ്റ്"(നെസ്സ്) മിക്കവാറും നഷ്ടമായതും ഇപ്പോൾ അതിൽ ബ്രിട്ടൻ മാത്രമേ അവശേഷിക്കുന്നുള്ളൂവെന്ന സത്യം അംഗീകരിക്കാനുള്ള ധൈര്യക്കുറവും !

## പുലി വന്നപ്പോൾ

ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ ബ്രിട്ടനുണ്ടായിരുന്ന പരമാധികാരം ഈ. യുവിനുള്ളിൽ അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നായിരുന്നു പ്രധാനമന്ത്രിക്കസ്സേരയിൽ എന്നും കണ്ണുണ്ടായിരുന്ന കൺസെർവേറ്റീവ് കക്ഷി നേതാക്കളായ മുൻ ലണ്ടൻ മേയർ ബോറിസ് ജോൺസൺ, അന്നത്തെ നിയമകാര്യമന്ത്രി മൈക്കിൾ ഗോവ് തുടങ്ങിയവരുടെ നേതൃത്വത്തിൽനടത്തിയ ബ്രെക്സിറ്റ് അനുകൂല പ്രചാരണങ്ങളിലെ മുഖ്യവാദം. കാലാകാലങ്ങളിൽ ഉണ്ടാക്കിയ നിരവധി ഉടമ്പടികളിലൂടെ പല മേഖലകളിലേയും പരമാധികാരം അംഗരാജ്യങ്ങൾ ഈ.യുവിന്

കൈമാറിയെന്നത് സത്യംതന്നെ. ഏതെങ്കിലുമൊരു പൊതുതാത്പര്യമുള്ള വിഷയത്തിൽ ഒരു അംഗരാജ്യത്തിനും ഈ. യുവിനും വ്യത്യസ്ത നിയമങ്ങളാണെങ്കിൽ ഈ.യുവിന്റെ നിയമങ്ങൾക്കായിരിക്കും സാധുത. പല ഈ.യു. നിയമങ്ങളും ബ്രിട്ടന് ഗുണത്തേക്കെത്താൽ കൂടുതൽ ബാധ്യതയാണു വരുത്തിവച്ചിരിക്കുന്നത് എന്നും അവർ സമർത്ഥിച്ചു. അതിനുപുറമെ, ഈ.യുവിലെ വിവിധ സ്ഥാപനങ്ങളിലെ ബ്രിട്ടീഷ് അംഗങ്ങളുടെ ഉത്തരവാദിത്വവും കൂറും പലപ്പോഴും മാതൃരാജ്യത്തേക്കാൾ കൂടുതൽ ഈ.യുവിനോടായിരുന്നവെന്ന് അവർ ആരോപിച്ചു. ഈ.യു. നയങ്ങളും നിയമങ്ങളും ഓരോ വര്ഷവവും കോടിക്കണക്കിനു പൗണ്ട് സ്റ്റെർലിങ്ങിന്റെ നഷ്ടമാണ് ബ്രിട്ടനുണ്ടാകുന്നതെന്ന് കണക്കുകൾ നിരത്തിവാദിക്കാൻ ഇവർക്ക് കഴിഞ്ഞു.

പല ഈ.യു. നിയമങ്ങളും സാമാന്യയുക്തിക്കു നിരക്കുന്നതായിരുന്നില്ലായെന്നതും മറക്കുന്നില്ല. ഉദാഹരണത്തിന്, അംഗരാജ്യങ്ങളിലെ ഭാരവണ്ടികൾക്കുള്ള റിയർവ്യൂ കണ്ണാടികൾ മെച്ചപ്പെട്ട രീതിയിൽ രൂപകൽപന ചെയ്തതാണെകിൽ പോലും ഈ.യു.അംഗീകാരമില്ലാത്ത ഉപയോഗിക്കാൻ അനുവാദമില്ല. എന്തിന്, ടീ ബാഗുകൾ പുനചംക്രമണം ചെയ്യുന്നതും, എട്ടു വയസ്സിൽ താഴെയുള്ള കുട്ടികൾ ബലൂൺ സ്വയം ഊതിവീർപ്പിക്കുന്നതും ഈ.യു. നിയമപ്രകാരം നിയമവിരുദ്ധമാണ്. അങ്ങിനെ നീളുന്നു ബ്രിട്ടനിൽ അസ്വാരസ്യമുണ്ടാക്കിയ ഈ.യു. നിയമങ്ങളുടെ പട്ടിക.

ഒരു ഈ.യു. അംഗരാജ്യത്തിലെ പൗരന് മറ്റേത് അംഗരാജ്യത്തേക്കും യഥേഷ്ടം യാത്ര ചെയ്യാനും, ദീർഘകാലത്തേക്ക് താമസമാക്കാനും, തൊഴിലിലോ വ്യാപാരങ്ങളിലോ ഏർപ്പെടാനും ഈ.യു. നിയമങ്ങൾ അനുവദിക്കുന്നു. പുതിയ ഈ.യു. അംഗങ്ങളായ പഴയകാല സോഷ്യലിസ്റ്റ് ബ്ലോക് രാജ്യങ്ങളിലെ താരതമ്യേന ദരിദ്രരായ തൊഴിലാളികളും, വികസിതമെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ദക്ഷിണ യൂറോപ്പിലെ ചില രാജ്യങ്ങളിലെ യുവാക്കളും തദ്ദേശീയരുടെ ലക്ഷക്കണക്കിന് അവസരങ്ങൾ ചുരുങ്ങിയ കാലയളവിൽ തട്ടിയടുത്തുവെന്ന പരാതിയാണ് ബ്രെക്സിറ്റ് വോട്ടിനെ സ്വാധീനിച്ച ഒരു പ്രധാന ഘടകം. ഈ കാരണത്താൽ ബ്രിട്ടീഷ് തൊഴിലാളികളുടെ വേതനം കുറയുകയോ മരവിക്കപ്പെടുകയോ ചെയ്തപ്പെട്ടുവെന്ന കാര്യവും സാധാരണക്കാരന്റെ മുഖ്യപരാതികളിലൊന്നായിരുന്നു. ഈ ആരോപണങ്ങളിൽ കഴമ്പുണ്ടായിരുന്നെകിലും കുടിയേറ്റത്തൊഴിലാളികളുടെ സേവനങ്ങൾ ബ്രിട്ടീഷ് സമ്പത്ഘടനക്കു നൽകിയ സംഭാവന ചെറുതായിരുന്നില്ല. എന്നാൽ ഇവരുടെ സേവന-വേതന വ്യവസ്ഥകൾ ബ്രിട്ടീഷ് നിലവാരത്തിലുള്ളതാകണമെന്നു വന്നപ്പോൾ അത് ബ്രിട്ടീഷ് ഖജനാവിനു ഭാരമാകാൻ തുടങ്ങുകയും രാജ്യത്തെ മറ്റുമേഖലകളിലെ ധനവിനിയോഗത്തെ ബാധിക്കാൻതുടങ്ങുകയും ചെയ്തുവെന്നതും വാസ്തവം തന്നെ. ഇതെല്ലാം കുടിയേറ്റവിരോധികളായ നൈജെൽ ഫരാജിന്റെ യു.കെ. ഇൻഡിപെൻഡൻസ് പാർട്ടിയും

(യു.കെ.ഐ.പി.) മറ്റും എതിർത്തതും, ബ്രെക്സിറ്റ് പ്രചാരണങ്ങളിൽ പ്രധാന വിഷയങ്ങളിൽ ഒന്നാക്കിയതും സ്വാഭാവികം. പക്ഷെ ഇവർ ഏർപ്പെട്ട താഴേക്കിടയിലെ പല തൊഴിലുകളും ഇന്നത്തെ ബ്രിട്ടീഷുകാരനു ചെയ്യാൻ താല്പര്യമില്ലാത്തവയായിരുന്നുവെന്ന കാര്യം ബ്രെക്സിറ്റ് അനുകൂലികൾ കണ്ടില്ലെന്നു നടിച്ചുവെന്നത് മറ്റൊരു വസ്തുത. അതായത് ബ്രെക്സിറ്റിനെ ബൗദ്ധികതലത്തിൽ രാഷ്ട്രീയ-സാമ്പത്തിക കാര്യങ്ങൾ സ്വാധീനിച്ചപ്പോൾ വൈകാരിക തലത്തിൽ സാധാരണക്കാരനെ ഏറ്റവുമധികം സ്പർശിച്ചത് യൂറോപ്പിൻറെ മറ്റുഭാഗങ്ങളിൽനിന്നുള്ള വർദ്ധിച്ച കുടിയേറ്റവും, അതുമൂലം തദ്ദേശീയർക്കുണ്ടായ തൊഴിൽ നഷ്ടവുമാണ്. അതോടൊപ്പം ബ്രിട്ടനിൽ വര്ധിച്ചുകൊണ്ടിരുന്ന കുറ്റകൃത്യങ്ങളും തീവ്രവാദഭീഷണികളും വോട്ടിങ്ങിനെ സ്വാധീനിച്ചുവെന്നും നിസ്സംശയം പറയാം.

സാധാരണ വോട്ടറെ സ്വാധീനിച്ച മറ്റൊരു വിവാദാസ്പദമായ കാര്യം ബ്രിട്ടൻ വാർഷിക വരിസംഖ്യയായി ഈ.യുവിന് നൽകുന്ന ഭീമമായ തുകയാണ്. (ഈ.യുവിന് അംഗരാജ്യങ്ങളിലെ പൗരന്മാരിൽ നിന്നും നേരിട്ട് നികുതിപിരിക്കാൻ നിയമങ്ങളില്ല.) സാധാരണ ലഭിക്കേണ്ടതായ കിഴിവുകളെല്ലാം കഴിഞ്ഞിട്ടും ഈയിനത്തിൽ 2016-ൽ ബ്രിട്ടൻ ഈ.യു.വിന് നൽകിയത് പതിമൂന്നു ലക്ഷം കോടി പൗണ്ട് സ്റ്റെർലിങ് ആയിരുന്നു. വരിസംഖ്യയിൽനിന്നും നല്ലൊരു തുക ബ്രിട്ടനിൽത്തന്നെ വിവിധ കാര്യങ്ങൾക്കായി ഈ.യു. ചെലവഴിക്കുന്നുണ്ടെകിലും, ഭീമമായ ഈ സംഖ്യ ബ്രിട്ടനിൻറെ തന്നെ കൈവശം വച്ച് സ്വന്തം തീരുമാനമനുസരിച്ച് വിവിധ വികസന-സേവന പദ്ധതികൾക്കായി ചെലവഴിക്കണമെന്ന വാദത്തിനും ജനപിന്തുണ ലഭിച്ചിരുന്നുന്നിരിക്കണം.

## കാമറൂണിന്റെ കൈയ്യബദ്ധം

ബ്രിട്ടൻറെ ഭാവിഭാഗധേയം തന്നെ മാറ്റിക്കുറിക്കാൻ വരെ കാരണമായേക്കാവുന്ന ബ്രെക്സിറ്റ് യാഥാർത്ഥത്തിൽ കാമറൂണിനു പറ്റിയ ഒരു മിഥ്യാഗണനത്തിന്റെ പരിണിതഫലമാണെന്നു പറയാൻ വലിയ അപഗ്രഥനപാടവത്തിന്റെ ആവശ്യമൊന്നുമില്ല. 2015-ലെ പൊതുതിരഞ്ഞെടുപ്പിൻറെ പ്രാഥമിക തയ്യാറെടുപ്പുകൾക്കിടയിൽ ഈ.യുവുമായി ബ്രിട്ടൻ ഏതുതരത്തിലുള്ള ബന്ധമാണ് പുലർത്തേണ്ടതെന്ന പഴയ തർക്കത്തിന് അന്തിമമായൊരു തീരുമാനമെടുക്കണമെന്ന ആവശ്യം പൊതുവിൽ ഉയർന്നിരുന്നു. ഇതൊരു രാഷ്ട്രീയ മുതലെടുപ്പിനുള്ള അവസരം കൂടിയാണെന്ന് തോറികളുടെയിടയിലെ ഈ.യു. വിരോധികൾ വിശ്വസിച്ചു. 2014-ൽ നടന്ന യൂറോപ്പ്യൻ പാർലമെന്റ് തിരഞ്ഞെടുപ്പിലടക്കം, എക്കാലത്തേയും വലിയ ഈ.യു.വിരോധികളിലൊരാളായ നൈജൽ ഫരാജ് നയിക്കുന്ന തീവ്ര ഈ.യു. വിരുദ്ധ കക്ഷിയായ യു .കെ. ഇൻഡിപെൻഡൻസ് പാർട്ടി ഏറ്റവുമധികം വോട്ടുകൾ നേടി മികച്ച പ്രകടനം കാഴ്ചവച്ചിരുന്നു. തങ്ങളുടെ പ്രകടപത്രികയിൽ ബ്രെക്സിറ്റ് വിഷയം ചേർക്കുകയും തിരഞ്ഞെടുപ്പ് പ്രചരണങ്ങളിൽ ഇതൊരു പ്രധാന

ചർച്ചാവിഷയമാകുകയും ചെയ്താൽ യു.കെ.ഐ.പിയുടെ തന്ത്രങ്ങളെ നല്ലൊരുപരിധിവരെ നിർവീര്യമാക്കാനും ഈ.യു.വിരോധികളായ വോട്ടർമാരെ തങ്ങളിലേക്കാകർഷിക്കാനും കഴിയുമെന്നുമായിരുന്നു അവരുടെ വിശ്വാസം. അവരുടെ സമ്മർദ്ദനത്തിനു വഴങ്ങി കൺസേർവേറ്റീവ് പാർട്ടിയുടെ പ്രകടനപത്രികയിൽ ഈ ആവശ്യം ഉൾപ്പെടുത്തുകയും ചെയ്തു.

2010-ൽ പ്രധാനമന്ത്രിയായി അധികാരമേറ്റ ഡേവിഡ് കാമറൂൺ യഥാർത്ഥത്തിൽ ബ്രിട്ടന്റെ ഈ.യു. അംഗത്വതത്തെ ശക്തിപൂർവ്വം പിന്തുണച്ചിരുന്നിരുന്ന നേതാവാണ്. ഈ.യു. അംഗത്വം യൂറോപ്പിലെ വ്യയശേഷിയുള്ള 50 കോടി ഉപഭോക്താക്കളുടെ, അതിർത്തികളില്ലാത്ത "ഒറ്റ വിപണി" (സിംഗിൾ മാർക്കറ്റ്) സ്വന്തം മുറ്റത്തുതന്നെ ലഭ്യമാക്കുന്നു എന്നതായിരുന്നു ഏറ്റവും വലിയ ആകർഷണം. ബ്രിട്ടൻ ഈ.യുവിനു പുറത്തുവന്നാൽ ചരക്കുകളും, സേവനങ്ങളും, തൊഴിലുകളും ഇംഗ്ലീഷ് ചാനൽ കടക്കാൻ കടമ്പകളേറും. ലോകത്തെ ഏകദേശം 40 ശതമാനം വൻകിട കമ്പനികളുടെ ആഗോളതലത്തിലെയോ, അല്ലെങ്കിൽ യൂറോപ്പ്യൻ മേഖലയുടെയോ ആസ്ഥാനം ലണ്ടനിൽ സ്ഥാപിതമാകാനുള്ള മുഖ്യകാരങ്ങളിലൊന്ന് ആ നഗരം മുകളിൽപ്പറഞ്ഞ വിപണിയിലേക്കുള്ള ദ്വാരപഥമായി പ്രവർത്തിക്കുന്നു എന്നതുകൂടിക്കൊണ്ടാണ്. ഇവയെല്ലാം പ്രദാനംചെയ്യുന്ന വാണിജ്യ സാധ്യതകളും, വൻ തൊഴിലവസരങ്ങളും, അതിലൂടെയുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങളും, യൂറോപ്പ്യൻ യൂണിയനു പുറത്തുവന്നാൽ ഒരു നല്ലയളവുവരെ ഇല്ലാതാവുമെന്ന് ഏത് ബ്രിട്ടീഷ് നേതാവിനാണ് അറിയാത്തത്!

അതേസമയം തിരഞ്ഞെടുപ്പിനു മുൻപു നടത്തിയ പല രാഷ്ട്രീയ പ്രസ്താവനകളിലും താൻ അധികാരത്തിൽ തിരിച്ചുവന്നാൽ ബ്രെക്സിറ്റ് ജനഹിതപരിശോധന വീണ്ടും നടത്തണമെന്ന അടിക്കടി ഉയരുന്ന ആവശ്യം നിറവേറ്റുന്നുമെന്നു കാമറൂൺ ഉറപ്പ് നൽകുകയും ചെയ്തിരുന്നു. കാമറൂണിന്റെ കീഴിൽ ചുരുങ്ങിയ കാലയളവിൽ ബ്രിട്ടൻ ഭരണ-സാമ്പത്തിക മേഖലകളിൽ കൈവരിച്ച താരതമ്യേന ഭേദപ്പെട്ട നേട്ടങ്ങൾ അദ്ദേഹത്തിന് ഒരുതരം അമിതമായ ആത്മവിശ്വാസം നൽകി. ജനഹിതപരിശോധനയിൽ തൻറെ ഭാഗം ജനങ്ങൾ അംഗീകരിക്കുമെന്നും അതുവഴി ഈ.യുവിൽ തുടരാനാകും ജനവിധിയുണ്ടാവുകയെന്നും അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചു. 2015 അവസാനത്തോടെ ഈ.യുവിൽ തുടരുന്നതിന് അനുകൂലമായ കാലാവസ്ഥ ബ്രിട്ടനിൽ ഉരുത്തിരിഞ്ഞുവന്നതായി പല സർവ്വേകളും സൂചിപ്പിച്ചിരുന്നത് കാമറൂണിൻറെ ആത്മവിശ്വാസം കൂട്ടി.

ബ്രിട്ടനിലെ 71.8 ശതമാനം ജനങ്ങളാണ് ജനഹിതപരിശോധനയിൽ പങ്കെടുത്തത്. അതിൽ 51.9 ശതമാനം പേർ ബ്രെക്സിറ്റിനെ അനുകൂലിച്ചപ്പോൾ 48.1 ശതമാനം പേർ നിജസ്ഥിതി തുടരുന്നതിനെ പിന്തുണച്ചു. ഇനി ബ്രിട്ടന്റെ ഘടക പ്രാദേശങ്ങളുടെ കാര്യമെടുക്കാം.

ജനസംഖ്യയുടെ ഭൂരിപക്ഷവും നിവസിക്കുന്ന ഇംഗ്ളണ്ടിൽ 53.4 ശതമാനം ജനങ്ങൾ ബ്രെക്സിറ്റിനെ അനുകൂലിച്ചു. വെയിൽസിലെ 52.5 ശതമാനം പേരും ഇതേ നിലപാടെടുത്തു. എന്നാൽ സ്കോട്-ലണ്ടിലെ 62 ശതമാനവും ഉത്തര അയർലണ്ടിലെ 55.8 ശതമാനവും ജനങ്ങൾ യൂറോപ്പ്യൻ യൂണിയനിൽ തുടരുന്നതിനെയാണ് അനുകൂലിച്ചത്. അതായത്, ഇംഗ്ലണ്ടും വെയിൽസും ബ്രെക്സിറ്റിനെ അനുകൂലിച്ചപ്പോൾ, ഇംഗ്ലണ്ട് തങ്ങളെ കാലാകാലങ്ങളായി "ഒതുക്കുന്നു"വന്ന തോന്നലിൽ അസ്വസ്ഥരായ സ്കോട്-ലണ്ട് ഉത്തര അയർലണ്ട് നിവാസികൾ യൂറോപ്പ്യൻ യൂണിയൻ അവർക്കു നൽകുന്ന അദൃശ്യ സംരക്ഷണണം തുടർന്നും ആഗ്രഹിക്കുന്നുവെന്ന് വ്യക്തമാക്കി.

നേരിയ ഭൂരിപക്ഷത്തിനാണെങ്കിലും ഈ.യു.വിടാൻ നൽകപ്പെട്ട ജനാദേശം വ്യക്തിപരമായി തനിക്കുകിട്ടിയ തിരിച്ചടിയായാണ് കാമറൂൺ കണ്ടത്. തൻറെ വ്യക്തിപരമായ നിലപാടും ജനവിധിയും പരസ്പരവിരുദ്ധമായതിനാൽ അധികാരമൊഴിയാൻ കാമറൂണിന് അധികം ആലോചിക്കേണ്ടിവന്നില്ല. ഈ.യു. വിടാനുള്ള നോട്ടീസ് പുറപ്പെടിവിക്കാനുള്ള ഉത്തരവാദിത്വം തൻറെ പിൻഗാമിക്കു വിട്ട കാമറൂൺ താമസിയാതെ പാർലമെന്റ് അംഗത്വവും രാജിവച്ചു.

**മേയ്-യുടെ മണ്ടത്തരങ്ങൾ**

കാമറൂണിന്റെ രാജിക്കുശേഷം കൺസെർവേറ്റീവ് കക്ഷിയിൽ പ്രധാനമന്ത്രി പദത്തിനായുള്ള തിരശീലക്കുപിന്നിലെ കരുനീക്കങ്ങളും വിലപേശലുകളും പതിവുപോലെ നടന്നു. പകരം പ്രധാനമന്ത്രിയാകാൻ മുതിർന്ന നേതാക്കൾ കിണഞ്ഞു ശ്രമിച്ചെങ്കിലും നറുക്കുവീണത് ആറുവർഷങ്ങളായി ഗൃഹമന്ത്രിയെന്ന നിലയിൽ മെച്ചപ്പെട്ട സേവനം കാഴ്ചവച്ചുകൊണ്ടിരുന്ന തെരേസാ മേയ്ക്കാണ്. ബ്രിട്ടനിലെ രണ്ടാമത്തെ വനിതാ പ്രധാനമന്ത്രി. ബ്രെസ്കിറ്റ് തീരുമാനം ബ്രിട്ടന് അനുകൂലമായ വ്യവസ്ഥകളോടെ നടപ്പാക്കുകയായിരുന്നു അവരുടെ പ്രധാന ദൗത്യം. ബ്രെക്സിറ്റ് സമയത്തു് ബ്രിട്ടൻ ഈ.യുവിൽ തുടരണമെന്ന് ശക്തമായി വാദിച്ചിരുന്ന തെരേസ മെയ് തൻറെ ഉത്തരവാദിത്തം സമയബന്ധിതമായി നടപ്പാക്കുമെന്ന് നൽകിയ ഉറപ്പ് അക്കാലത്തു് പ്രശംസ പിടിച്ചുപറ്റിയിരുന്നു. അതോടെ തോറികളിലെ ശക്തരായ താപ്പാനകളുടെ പുതിയ ഇര അവരാകുമെന്നും ഏതാണ്ട് ഉറപ്പായി.

ഈ.യു.വുമായി ബന്ധം അവസാനിപ്പിക്കാനുള്ള നടപടിക്രമങ്ങൾക്കു പാർലമെന്റ് ഔദ്യോഗികമായി "പ്രാരംഭമിടുക" ഈ.യൂ. നിയമത്തിലെ 50-)o വകുപ്പ് പ്രകാരം ആവശ്യമായിരുന്നു. ഡേവിഡ് കാമറൂൺ ഈ ദൗത്യത്തിൽനിന്നും ബുദ്ധിപൂർവം ഒഴിഞ്ഞുമാറിയപ്പോൾ പകരം അധികാരത്തിലേറിയ തെരേസാ മെയ് അല്പമൊന്നു ശങ്കിച്ചുനിന്നു. യൂറോപ്പ്യൻ കൗൺസിൽനിന്നടക്കം വലിയ സമ്മർദ്ദം അനുഭവിക്കേണ്ടിവന്ന അവർ ബ്രെക്സിറ്റ് വോട്ടെടുപ്പിന് ഒൻപതുമാസങ്ങൾക്കുശേഷം 2017 മാർച്ച് 29-നാണ് മോചന നോട്ടീസ് നൽകിയത്. പക്ഷെ, അതിനുമുൻപ്

സ്വന്തം പാർട്ടിയിലെ പ്രബലഗ്രൂപ്പുകളെയോ, സ്വാധീനമുള്ള നേതാക്കളേയോ വിശ്വാസത്തിലെടുക്കാൻ തെരേസാ മെയ് ശ്രമിച്ചില്ല. ജനവിധിയെ പാർലമെന്റ് അംഗങ്ങൾ, പ്രത്യേകിച്ച് തൻറെ പാർട്ടിയംഗങ്ങൾ, അൽപ്പം വൈകിയാലും അനുസരിച്ചുകൊള്ളുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നിക്കണം. തൻറെ കഴിവിലും സ്വാധീനത്തിലുമുള്ള അമിതമായ ആത്മവിശ്വാസം കൊണ്ടാകാം മുഖ്യ പ്രതിപക്ഷമായ ലേബർ കക്ഷിയിലെ നേതാക്കളോടും ഇത്തരമൊരു സമീപനമാണ് അവർ കൈക്കൊണ്ടത്. തല്പരകക്ഷികളുമായി ചർച്ചകൾ നടത്തി അവരെയെല്ലാം തുടക്കംമുതലേ വിശ്വാസത്തിലെടുക്കാതിരുന്നത് പ്രായോഗികരാഹിത്യമായിരുന്നവെന്ന് അവർ മനസ്സിലാക്കിയത് പാർലമെന്റിൽ ബ്രെക്സിറ്റ് ഉടമ്പടി നിരാകരിക്കപ്പെട്ടുകൊണ്ടിരുന്നപ്പോഴാണ്. അപ്പോഴേക്കും കാര്യങ്ങൾ അവരുടെ കൈകളിൽനിന്നും വഴുതിപ്പോയിരുന്നു.

ബ്രെക്സിറ്റ് ഫലവും, വിവിധ ബ്രിട്ടീഷ് നേതാക്കളുടെ ഈ.യു. വിരുദ്ധ പ്രഖ്യാപനങ്ങളും ഈ.യു. നേതാക്കളെ നിരാശരാക്കിയെങ്കിലും അവർ ഒട്ടൊക്കെ സംയമനം പാലിച്ചു. എന്നാൽ വിടുതൽ വിജ്ഞാപനം നടത്താതെ ഡേവിഡ് കാമറൂൺ രാജിവക്കുകയും, തെരേസാ മെയ് തുടക്കത്തിൽ അതിനു മടി കാണിച്ചതും ഈ.യൂ. നേതൃത്വത്തെ ചൊടിപ്പിച്ചു. അവർക്കും ഇത്തരമൊരു സംഭവവികാസത്തെ കൈകാര്യം ചെയ്ത കീഴ്‌വഴക്കമോ, മുൻപരിചയമോ ഇല്ലായിരുന്നുവന്നത് മറ്റൊരുകാര്യം. ബ്രെക്സിറ്റ് ഫലം ഈ.യു. നേതൃത്വത്തെ അലട്ടിയപ്പോൾത്തന്നെ അത് മറ്റു യൂറോപ്പ്യൻ രാജ്യങ്ങളിലെ വലതുപക്ഷ രാഷ്ട്രീയകക്ഷികളുടെയും തീവ്രവലതുപക്ഷ ഗ്രൂപ്പുകളുടെയും ഈ.യൂ. വിരുദ്ധനിലപാടുകൾക്ക് ആക്കംകൂട്ടുമെന്ന് അവർ ഭയന്നത് സ്വാഭാവികം. പക്ഷെ ബ്രെക്സിറ്റ് യൂറോപ്പിൽ പൊതുവേയും ബ്രിട്ടനിൽ പ്രത്യേകിച്ചും ഉണ്ടാക്കിയ ആശങ്കകളും ആശയക്കുഴപ്പങ്ങളും മറ്റൊരുരാജ്യത്തേയും ഇത്തരമൊരു "വിവേകരഹിതമായ പ്രവൃത്തിയിലേക്ക്" എടുത്തുചാടാൻ പ്രേരിപ്പിക്കില്ലെന്ന് പല ഈ.യൂ. നേതാക്കളും പിന്നീട് പരസ്യമായി ആശ്വാസം കൊണ്ടു.

## പുലിപ്പുറത്തെ ബ്രിട്ടൻ

തുടക്കതിലെ അനിശ്ചിതത്വത്തിനുശേഷം ബന്ധവിച്ഛേദത്തിൻറെ വിശദദാംശങ്ങൾ ഇ.യു. നേതാക്കളും, ഏജൻസികളുമായി ചർച്ചകൾ നടത്തുന്നതിൽ തെരേസാ മെയ് ആത്മാർത്ഥത കാട്ടി. പലപ്രശ്നങ്ങളും കീറാമുട്ടികളായിതുടർന്നു. ബന്ധവിച്ഛേദത്തിനുശേഷം ബ്രിട്ടൻ ഈ.യൂ. അംഗങ്ങളല്ലാത്ത നോർവെയെപ്പോലെ ഈ.യൂവിന്റെ "ഒറ്റ വിപണിയിൽ" തുടരണോ, അതോ തുർക്കിയെപ്പോലെ കസ്റ്റംസ് യൂണിയനിൽ ക്ഴിയണോ, ഇനി അതുമല്ല ഐസ്‌ലണ്ടിനെപ്പോലെ യൂറോപ്പ്യൻ സാമ്പത്തിക മേഖലയുടെ (ഇ.ഇ.എ) ഭാഗമായിത്തുടരണോയെന്നെല്ലാം ഈ.യൂവുമായി ചർച്ചചെയ്തു തീരുമാനിക്കേണ്ട സങ്കീർണ്ണതയേറിയ പ്രശ്നങ്ങളായിരുന്നു.

വേർപിരിയലുനുശേഷം ബ്രിട്ടൻ ഇതിലേതെങ്കിലുമൊരു മോഡൽ സ്വീകരിച്ചാൽ താരീഫുകളുടെയും, കസ്റ്റംസ് നിയന്ത്രണങ്ങളുടേയും, അതുകൊണ്ടുണ്ടാകാവുന്ന കാലതാമസം ഒഴുവാക്കുന്നതിന്റെയും കാര്യങ്ങളിൽ മറ്റു ഈ.യൂ. രാജ്യങ്ങൾക്കു ലഭിക്കുന്ന മിക്കവാറും എല്ലാ ആനുകൂല്യങ്ങൾക്കും അർഹമായേക്കാം. ചില കാര്യങ്ങളിൽ ചെറിയ വ്യതാസങ്ങളുണ്ടായേക്കാമെന്നുമാത്രം. പക്ഷെ പ്രശ്നം മറ്റൊന്നാണ്. ഇത്തരമൊരു സംവിധാനത്തിൽ പങ്കാളിയാവുയാണെങ്കിൽ അതിഭീമമായ പ്രവേശനഫീസും വാർഷികവരിസംഖ്യയും മറ്റും ഈ.യുവിനു നൽകേണ്ടിവരും. എന്നാൽ അതിലും വലിയ പ്രശ്നം മറ്റൊന്നതാണ്. ഈ.യു. അംഗമെന്ന നിലയിൽ വൻതുക വരിസംഖ്യയായി നൽകുമ്പോൾ കൂട്ടായ്മയുടെ തീരുമാനങ്ങളിലും നയ-നിയമരൂപീകരണത്തിലും ബ്രിട്ടന് തുല്യപങ്കാളിയെന്ന നിലയിൽ പങ്കെടുക്കാമായിരുന്നു. അംഗത്വമുപേക്ഷിച്ച് മേല്പറഞ്ഞ സംവിധാങ്ങളിൽ ഒന്നിന്റെ ഭാഗമായാൽ വാണിജ്യഇടപാടുകളിൽ ആനൂകൂല്യങ്ങൾക്ക് അർഹത ലഭിക്കുമെങ്കിലും ഈ.യൂ .എടുക്കുന്ന തീരുമാനങ്ങളിൽ ഇടപെടലുകൾ നടത്താനോ, അവയെ സ്വാധീനിക്കാനോ പറ്റാതെ അനുസരിക്കാൻ മാത്രമേ കഴിയുകയുള്ളു! പുലിപ്പുറത്തുനിന്നുമിറങ്ങിയെങ്കിലും പുലിയുടെ ഔദാര്യത്തോടെ പുലിമടയിൽത്തന്നെ കഴിയേണ്ടിവരുന്നതു പോലെ!

മറിച്ച് ഏതങ്കിലും കാരണങ്ങളാൽ ഒരു ഒത്തുതീർപ്പിലാകാൻ കഴിയുന്നില്ലെങ്കിൽ ബ്രിട്ടന് ഈ.യുവുനിന്നും ബന്ധമുപേക്ഷിച്ചു പിരിയുന്നതിൽ നിയമതടസ്സമൊന്നുമില്ല. നിയമാനുസരണം ബ്രിട്ടൻ ഈ.യുവിന് നല്ലൊരു തുക നഷ്ടപരിഹാരമായി നൽകേണ്ടിവരുമെന്നുമാത്രം. ഈ തുകയുടെ അളവിനെക്കുറിച്ച് തർക്കങ്ങളുമുണ്ടാകാം. പിന്നീട് യൂറോപ്പിനു പുറത്തുള്ള മറ്റേതൊരു രാജ്യത്തെയുംപോലെ ലോക വ്യാപാര സംഘടനയുടെ മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ.യുവുമായി പുതിയ വാണിജ്യക്കരാറുകളിൽ ഏർപ്പെടുകയുമാവാം. പറയുക എളുപ്പമാണെങ്കിലും പക്ഷെ, ഇത്തരമൊരു തീരുമാനം രാഷ്ട്രീയ-നയതന്ത്ര-സാമ്പത്തിക രംഗങ്ങളിൽ ബ്രിട്ടനേൽപ്പിക്കാവുന്ന ആഘാതങ്ങളിൽനിന്നും കരകയറാൻ ഏറെ ബുദ്ധിമുട്ടേണ്ടിവരും.

ഒത്തുതീർപ്പുകളൊന്നുമില്ലാതെ ഈ.യുവിൽ നിന്നും ബ്രിട്ടന്റെ ഇത്തരമൊരു ഇറങ്ങിപ്പോരൽ തൻറെ ദൈനംദിന ജീവിതത്തെ എങ്ങിനെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്നാണ് ഇന്ന് സാധാരണ ബ്രിട്ടീഷ് പൗരൻരെ ആധി. ബ്രിട്ടൻ ഏറ്റവുമധികം വ്യാപാരത്തിലേർപ്പെടുന്ന പത്തുരാജ്യങ്ങളിൽ അമേരിക്കയും ചൈനയുമൊഴിച്ചാൽ ബാക്കിയെല്ലാംതന്നെ യൂറോപ്പിലുള്ളവയാണ്. ബ്രിട്ടൻ ഇറക്കുമതിചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ, പ്രത്യേകിച്ച് പച്ചക്കറികളുടെയും പഴവർഗങ്ങളുടേയും, ഏകദേശം മൂന്നിലൊന്നിന്റെ ഉറവിടവും ഈ.യു. രാജ്യങ്ങളാണ്. ഒത്തുതീർപ്പുകളൊന്നുമില്ലാത്ത ഈ.യു.-ബ്രിട്ടൻ ബന്ധവിച്ഛേദനം സ്വാഭാവികമായും ഇവയുടെ ലഭ്യത

കുറയുക്കും. വിലയിലും പത്തുശതമാനമെങ്കിലും വർദ്ധനവു പ്രതീക്ഷിക്കുന്നു. ഇത് ജനങ്ങളെപ്പോലെ വ്യാപാരികളെയും, അന്തിമമായി ബ്രിട്ടീഷ് സമ്പത്വ്യവസ്ഥയേയും ബാധിക്കുമെന്ന് ഉറപ്പാണ്. അതുപോലെ യൂറിപ്പ് ബ്രിട്ടനിൽനിന്നും നിന്നും ഇറക്കുമതിചെയ്യുന്ന വസ്തുക്കളുടെ ലഭ്യതക്കുറവും വിലവർദ്ധനയും ഒഴിവാക്കാനാകില്ല. ബ്രെക്സിറ്റിന്റെ ആദ്യഘട്ടങ്ങളിൽ ഇതെല്ലം കൂടുതൽ അനുഭവപ്പെടുകയും ചെയ്യും.

ബ്രിട്ടീഷുകാർക്കും ഈ.യു. അംഗരാജ്യങ്ങളിലെ പൗരന്മാർക്കും രണ്ടുഭാഗങ്ങളിലേക്കും വിനോദസഞ്ചാരത്തിനോ, വാണിജ്യാവശ്യങ്ങൾക്കോ. അതുപോലുള്ള ഹൃസ്വകാല സന്ദർശനങ്ങൾക്കോ വിസ വേണ്ടിവരില്ലെങ്കിലും, തൊഴിലുകളിലേർപ്പെടാനോ, വിദ്യാഭ്യാസാവശ്യങ്ങൾക്കോ വേണ്ട ദീർഘകാല അധിവാസത്തിന് വിസയെടുക്കേണ്ടിവരാം. 2017-ലെ കണക്കുകൾ പ്രകാരം 13 ലക്ഷത്തിലധികം ബ്രിട്ടീഷ് പൗരന്മാർ മറ്റ് ഈ.യു.രാജ്യങ്ങളിൽ വിവിധ കാര്യങ്ങളിലേർപ്പെട്ടു ദീർഘകാലഅധിവാസം നടത്തുന്നവരാണ്. ഇരുഭാഗത്തേയും പൗരന്മാർക്ക് നിലവിലുള്ള ജോലികളിൽ തുടരാനും ധാരണയിലെത്തേണ്ടിവരും. വിനോദസഞ്ചാരികൾക്ക് സാധുവായ പാസ്പോർട്ടും ഹോട്ടൽ ബുക്കിങ്ങ് രേഖകളുംമറ്റും കൈയിൽ സൂക്ഷിക്കേണ്ടി വന്നേക്കാം. സഞ്ചാരികളുടെ ആരോഗ്യഇൻഷുറൻസ് പോളിസികൾ പരസ്പരം അംഗീകരിക്കണമെങ്കിൽ അതിനും പ്രത്യേക ക്രമീകരങ്ങൾ വേണ്ടിവരും. ക്രഡിറ് കാർഡുകളുടെ ചാർജിൽ വര്ധനയുണ്ടാകുമ്പോൾ അത് സാധാരണ വ്യാപാരികളെയും മറ്റു സേവനദാദാക്കളെയും ബാധിക്കുക സ്വാഭാവികം. അങ്ങിനെ, മൊബൈൽ ഫോൺ റോമിങ്ചാർജ്ജ് വർദ്ധന തുടങ്ങി സാധാരണക്കാർക്ക് അലോരസമുണ്ടാക്കാവുന്ന ചെറുതും വലുതുമായ നിരവധി വിഷയങ്ങൾ ഉരുക്കഴിക്കപ്പെടാനായി ഇരുഭാഗത്തെയും കാത്തിരിക്കുന്നു.

ബ്രെക്സിറ്റ് നോട്ടീസ് നൽകിയതിനുശേഷം ഇത്തരം പ്രശ്ങ്ങളെ ലഘൂകരിക്കാൻ ആവശ്യയമായ നടപടികളെക്കുറിച്ച് ഇരുഭാഗത്തുമുള്ള ഉദ്യോഗസ്ഥരും നേതാക്കളും ചർച്ചകളിലേർപ്പെട്ടിരുന്നു. എന്നാൽ ഒത്തുതീർപ്പോടെയാണോ, മറിച്ച് അതില്ലാതെയാണോ ബന്ധവിഛേദനം ഉണ്ടാകുയെന്ന് തീരുമാനമാകാത്തതുകൊണ്ട് കൃത്യമായ തീരുമാനങ്ങളിക്കുപോകാൻ സാധിക്കുമായിരുന്നില്ല.

## ആദർശവും അധികാരവും

ബ്രിട്ടൻ ഈ.യു. അംഗത്വം ഉപേക്ഷിച്ചതിനുശേഷം ഏതുരീതിയിലുള്ള ഉഭയകക്ഷിബന്ധമാണ് തുടരേണ്ടത് എന്നത് ഒരു പ്രഹേളികയായിരുന്നു; അതിന്റെ വിശദാംശങ്ങൾ ആർക്കും എളുപ്പം വഴങ്ങാത്തവിധം സങ്കീർണ്ണവും. നേരത്തെ സൂചിപ്പിച്ചതുപോലെ അല്പം വൈകിയാണെകിലും തെരേസാ മെയ് തന്റെ വിശ്വസ്തരായ ഉപദേശകരുടെ സഹായത്തോടെ ഈ വിഷയത്തിൽ ഒരു കരടുരൂപരേഖ തയ്യാറാക്കുകയും, യൂറോപ്പ്യൻ യൂണിയൻ നേതാക്കളുമായി ചർച്ചകളിൽ

ഏർപ്പെടുകയും ചെയ്തു. പക്ഷെ, തന്റെ കാബിനറ്റിൽത്തന്നെ അവരുടെ നിർദേശങ്ങൾക്ക് പൂർണ്ണ പിന്തുണയുണ്ടായിരുന്നില്ല. മറ്റൊരിടത്തു പ്രതിപാദിച്ചിട്ടുള്ളതുപോലെ കൺസേർവേറ്റിവ് കക്ഷിയിലെ പ്രഭാവശാലികളായ നേതാക്കളെയോ ഗ്രൂപ്പുകളെയോ അനുനയിപ്പിക്കാൻ തെരേസാ മെയ്-യിലെ തഴക്കവും പഴക്കമുള്ള രാഷ്ട്രീയനേതാവ് എന്തുകൊണ്ടോ തയ്യാറായാതുമില്ല.

കാബിനറ്റിലും കൺസേർവേറ്റീവ് കക്ഷിയിലും അവരുടെ ബ്രെക്സിറ്റ് നിർദ്ദേശങ്ങളെ എതിർത്ത ഉന്നതനേതാക്കളുടെ ഇത്തരം നിസ്സഹരണമനോഭാവത്തിൻറെ യാഥാർത്ഥകാരണം ആദർശങ്ങല്ല, മറിച്ച് ഏതൊരു ബ്രിട്ടീഷ് രാഷ്ട്രീയനേതാവിൻറെയും അന്തിമസ്വപ്നമായ പ്രധാനമന്ത്രിയുടെ ഔദ്യോഗികവസിതയായ 10, ഡൗണിംഗ് സ്ട്രീറ്റ് എന്ന മേൽവിലാസമായിരുന്നു. എന്നാൽ, ഒരുപക്ഷെ ഈ സത്യത്തിൻറെ സ്ഥാനം ഭാവിയിലെഴുതപ്പെടാവുന്ന ഏതെങ്കിലുമൊരു ബ്രിട്ടീഷ് ചരിത്രപുസ്തകത്തിലെ ഉൾത്താളുകളിലെവിടെയെങ്കിലും ഒതുങ്ങാനായിരിക്കാം വിധിക്കപ്പെട്ടിട്ടുള്ളത്!

അപ്പോൾ അവശേഷിക്കുന്ന മറ്റൊരു ചോദ്യമുണ്ട്. കൺസേർവേറ്റിവ് കക്ഷിയിലെ പിന്തുണയുടെ അഭാവത്തെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ തെരേസാ മെയ് മുഖ്യ പ്രതിപക്ഷകക്ഷിയായ ലേബർ പാർട്ടിയിലെ പ്രമുഖ നേതാക്കളെയോ, തൻറെ ഗവണ്മെന്റിനെ ഇതുവരെ താങ്ങിനിർത്തിയ സ്കോട്ടിഷ് യുണിയണിസ്റ് പാർട്ടിയെയോ, മറ്റു ചെറുപാർട്ടികളെയോ വിശ്വാസത്തിലെടുക്കാൻ എന്തുകൊണ്ട് ശ്രമങ്ങൾ നടത്തിയില്ല?

2010 ആദ്യം അധികാരം നഷ്ടപെട്ട ലേബർ കക്ഷിക്ക് സ്വന്തം പാർട്ടിയുടെതന്നെ പൂർണ പിന്തുണയില്ലാത്ത ഒരു കർസേർവറ്റീവ് പ്രധാനമന്ത്രിയുടെ ശ്രമങ്ങളെ വിജയിപ്പിക്കാൻ ഉത്തരവാദിത്വമൊന്നുമില്ലല്ലോ. അതുമല്ല, കൺസേർവേറ്റിവ് കക്ഷിയുടെ കഴിവില്ലായ്മയെ രാഷ്ട്രീയമായി എങ്ങിനെ തങ്ങൾക്കനുകൂലമായി ഉപയോഗപ്പെടുത്താമെന്ന് ലേബർ നേതൃത്വം ആലോചിട്ടുണ്ടെങ്കിൽ അത് രാഷ്ട്രീയാവസരവാദമെന്നതിനപ്പുറം വലിയൊരു പാതകമായി ഭാവിയിൽ കണക്കാക്കപെടില്ലെന്ന് അവർ വിശ്വസിച്ചിട്ടുണ്ടാകണം.

ബ്രെക്സിറ്റ് വോട്ടെടുപ്പുഫലം വന്നതിനുശേഷം കൺസേർവേറ്റീവ്, ലേബർ തുടങ്ങി വലുതും ചെറുതുമായ കക്ഷികളെല്ലാം ഈ വിഷയത്തിൽ തങ്ങളുടെ ഔദ്യോഗിക നയം വീണ്ടും വ്യക്തമാക്കിയിരുന്നു. ബ്രെക്സിറ്റ് ജനവിധിയെ പരമ്പരാഗത യൂറോപ്പ്യൻ വാദികളൊഴിച്ച് പൊതുവിൽ എല്ലാ കക്ഷികളും ഔദ്യോഗിക തലത്തിൽ അംഗീകരിച്ചു. കൺസേർവേറ്റിവ് കക്ഷി ഈ വർഷം തന്നെ ഈ.യു. വിടണമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്നു. അതോടൊപ്പം ബ്രെക്സിറ്റിനുശേഷം ആഭ്യന്തരവും വൈദേശികവുമായ എല്ലാ തുറകളിലും ബ്രിട്ടന് പൂർണവും ഫലവത്തുമായ പരമാധികാരം ഉണ്ടായിരിക്കത്തക്കവിധത്തിലാകണം മോചന ഉടമ്പടികളെന്നും അവർ നിഷ്കർഷിക്കുന്നു. ലേബർ പാർട്ടിയാകട്ടെ ബ്രെക്സിറ്റ് ജനവിധിയെ

അംഗീകരിക്കുമ്പോൾത്തന്നെ ബ്രിട്ടീഷ് പൗരന്മാരുടെ തൊഴിലവസരങ്ങളും ജീവിതനിലവാരവും സംരക്ഷിക്കാനും, രാജ്യത്തെ എല്ലാ ഭാഗങ്ങളിലും നിക്ഷേപങ്ങൾ നടത്താനും, സമ്പത്ഘടനയെ നവീകരിക്കാനും ഉതകുന്നതരത്തിലാവണം ബ്രെക്സിറ്റ്-അനന്തര ഭാവി ആവിഷ്ക്കരിക്കേണ്ടത് എന്നും ആവശ്യപ്പെടുന്നു.

ലിബറൽ ഡെമോക്റാറ്റുകളാകട്ടെ ബ്രിട്ടൻറെ ഭാവി ഈ.യുവിൽ തുടരുന്നതിലാണെന്നാണ് എന്നും വിശ്വസിച്ചിരുന്നത്. കൺസേർവേറ്റീവ്, ലേബർ കക്ഷികളുടെ ബ്രെക്സിറ്റ് കൈകാര്യം ചെയ്യുന്ന രീതിയെ വിമർശിക്കുന്ന ലിബറൽ ഡെമോക്റാറ്റുകൾ ബന്ധവിച്ഛേദന കരാർ തയ്യാറാകുമ്പോൾ അത് ബ്രിട്ടന്റെ ഹിതത്തിന് ഉതകുന്നതാണോയെന്ന് വീണ്ടുമൊരു ജനഹിതപരിശോധനയിലൂടെ നിർണയിയിച്ചിട്ടേ അന്തിമതീരുമാനത്തിലെത്താവൂ എന്നും വാദിക്കുന്നു.

സ്കോട്ടിഷ് നാഷണൽ പാർട്ടിയും (എസ് .എൻ .പി.) പരമ്പരാഗതമായി ഈ.യു. അംഗത്വത്തെ ശക്തമായി പിന്തുണക്കുന്നു. ബ്രെക്സിറ്റ് വോട്ടെടുപ്പിൽ 62 ശതമാനം സ്കോട്-ലൻഡുകാരും ബ്രെസ്ക്സിറ്റിനെ എതിർത്തിരുന്നുവെന്ന് ഓർക്കുക. അതിൽത്തന്നെ തലസ്ഥാനമായ എഡിൻബർഗിൽ വോട്ടുചെയ്ത നാലിൽ മൂന്നുപേരും ബ്രെക്സിറ്റിനെതിരായിരുന്നു. ഗ്രെയ്റ്റ് ബ്രിട്ടനിൽ സ്കോട്- ലണ്ടിന്റെ ശബ്ദം ലണ്ടൻറെ "മേൽക്കോയ്മയിൽ" മുങ്ങിപ്പോകുകയാണെന്നും അതിനെ ഒരതിർത്തിവരെയെങ്കിലും സമതുലിതമാക്കാൻ ഈ.യു. അംഗത്വം കൂട്ടിയേകഴിയുമെന്നാണ് അവരുടെ വിശ്വാസം.

സ്കോട്-ലണ്ടുകാർ ബ്രെക്സിറ്റ് ഫലത്തിൽ പൊതുവിൽ നിരാശരും അസന്തുഷ്ടരുമാണ്. ഈ മനോവികാരത്തെ രാഷ്ട്രീയമായി മുതലെടുക്കാൻ ബ്രിട്ടനിൽനിന്നും സ്കോട്-ലൻഡ് സ്വതന്ത്രമാകണമെന്നു വാദിക്കുന്ന എസ്. എൻ. പി. ശ്രമിക്കുക സ്വാഭാവികമാണല്ലോ. ബ്രെക്സിറ്റിനു ശേഷം യൂറോപ്പ്യൻ സാമ്പത്തിക മേഖലയിലോ, കസ്റ്റംസ് യൂണിയനിലോ ബ്രിട്ടനും, അതുവഴി സ്കോട്-ലണ്ടിനും അംഗമായിരിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായാൽ 2020-2021-ഓടെ സ്കോട്-ലണ്ടിന്റെ സ്വാതന്ത്ര്യത്തിനായി വീണ്ടുമൊരു ജനഹിതപരിശോധന ആവശ്യപ്പെടുമെന്ന് എസ്.എൻ.പി. വ്യക്തമാക്കിയിക്കഴിഞ്ഞു. അങ്ങിനെ സംഭവിച്ചാൽ പുതിയ യാഥാർഥ്യങ്ങളെയായിരിക്കും സ്കോട്ടിഷ് ജനതയ്ക്കും, അതിലുപരി ബ്രിട്ടീഷ് നേതൃത്വത്തിനും അഭിമുഖീകരിക്കേണ്ടിവരിക!

2017-ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നഷ്ടപെട്ട തോറികളെ താങ്ങിനിർത്തിയത് ഉത്തര അയർലണ്ടിലെ ഡെമോക്രാറ്റിക് യൂണിയണിസ്റ്റ് പാർട്ടി (ഡി.യു.പി) ആണെന്ന് സൂചിപ്പിച്ചരുന്നല്ലോ. ബ്രിട്ടീഷ് ഏകത്വത്തിൽ ബലമായി വിശ്വസിക്കുന്ന ഡി.യു.പി. പക്ഷെ പ്രശ്നാധിഷ്ഠിത പിന്തുണമാത്രമാണ് തെരേസാ മെയ്ക്ക് നൽകിയത്. ഉത്തര അയർലൻഡ് അസ്സംബ്ലിയിൽ ഡി.യു.പിക്കൊപ്പം തുല്യ ശക്തിയുള്ള സിൻ ഫൈനാകട്ടെ ഐറിഷ് വ്യക്തിത്വത്തിലും ഐറിഷ് റിപ്പബ്ളിക്കിൽ ഉത്തര

അയർലണ്ടിൻറെ അന്തിമമായ ലയനത്തിലുമാണ് വിശ്വസിക്കുന്നത്. അവർ ബ്രിട്ടീഷ് പർലമെന്റിൽ ചർച്ചകളിലോ വോട്ടിങ്ങിലോ പങ്കെടുക്കാതെ തങ്ങളുടെ പ്രതിഷേധം തുടരുകയാണെന്നോർക്കുക. ബ്രെക്സിറ്റ് റെഫറണ്ടത്തിൽ വോട്ടുരേഖപ്പെടുത്തിയ ഏകദേശം 56 ശതമാനം ഐറിഷ്കാരും ബ്രിട്ടൻ ഈ.യുവിൽ തുടരണമെന്നാണ് അഭിപ്രായപ്പെട്ടത്. ഈ.യുവിൽ അംഗമല്ലാത്ത ബ്രിട്ടനിൽ ലണ്ടനുണ്ടാകാവുന്ന വർദ്ധിച്ച മേൽക്കോയ്മതന്നെ ഇവിടെയും പ്രശ്നം.

## ബാക്സ്റ്റോപ് കടമ്പ

തെരേസാ മെയ് ഈ.യു. നേതൃത്വവുമായി നടത്തിയ ചർച്ചകളിൽ ഉണ്ടായ അഭിപ്രായ സമന്വയത്തിലും, അതിനുശേഷം ബ്രിട്ടനിൽ പാർലമെന്റിലും പുറത്തുമുണ്ടായ തർക്കങ്ങളിൽ ശ്രദ്ധാകേന്ദ്രമായതും, തുടർന്ന് ബ്രിട്ടീഷ് പാർലമെന്റിൽ ബന്ധവിച്ഛേദന ഉപക്ഷേപത്തിന് അംഗീകാരം ലഭിക്കാതെപോയതുമെല്ലാം പ്രധാനമായും ഉത്തര അയർലൻഡിനെറ ഭാവി പദവിയെച്ചൊല്ലിയുള്ള അഭിപ്രായഭിന്നതകൾ കൊണ്ടായിരുന്നു.

ബ്രസ്സൽസിൽ ഈ.യു. നേതൃത്വവുമായി നടത്തിയ നീണ്ട കൂടിയാലോചനകൾക്കുശേഷം ബന്ധവിച്ഛേദനത്തിനുള്ള നിബന്ധനകളടങ്ങിയ ഉമ്പടിയുടെ കരട് തയ്യാറാക്കിയിരുന്നുവെന്ന് സൂചിപ്പിച്ചരുന്നല്ലോ. എന്നാൽ ഇതിന് അംഗീകാരം നൽകാൻ ബ്രിട്ടീഷ് പാർലമെന്റ തയ്യാറായില്ല. നീണ്ട ചർച്ചകൾക്കും ഭേദഗതികൾക്കുശേഷം ഈ ജനുവരിയിൽ വോട്ടിനിട്ടപ്പോൾ ചരിത്രം കണ്ടിട്ടില്ലാത്ത ഭൂരിപക്ഷത്തോടെയാണ് അത് നിരാകരിക്കപ്പെട്ടത്. തോറി പക്ഷത്തെ തന്റെ സഹപ്രവർത്തകരുടെ സഹകരണമില്ലായ്മ തെരേസാ മെയ്-യെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. പാർലമെന്റിൽ നേരിട്ടേറ്റ വൻപരാജയം മന്ത്രിസഭക്കു ഭൂരിപക്ഷം നഷ്ടമായതിൻറെ തെളിവാണെന്നും തെരേസാ മെയ് ഉടൻ രാജിവയ്ക്കണമെന്നും ആവശ്യമുയർന്നു. തുടർന്ന് കൺസേർവേറ്റിവ് കക്ഷിയിലും, പിന്നീട് പാർലമെന്റിലും അവർക്ക് ഭൂരിപക്ഷം തെളിയിക്കാനായെങ്കിലും പാർട്ടിയിൽ തെരേസാ മെയ്യുടെ സ്ഥിതി ദുർബലമായിക്കൊണ്ടിരുന്നു. ഈ.യുവുമായി വീണ്ടും ചർച്ചകൾ നടത്തിയ ശേഷം ഭേദഗതി ചെയ്ത ഉടമ്പടി ബന്ധവിച്ഛേദനത്തിനുള്ള സമയപരിധിയായ മാർച്ച് 29-ന് കേവലം രണ്ടാഴ്ച ബാക്കിയുള്ളപ്പോൾ വീണ്ടും വോട്ടിനിട്ടു. പഴയതിനേക്കാൾ കൂടുതൽ അംഗങ്ങൾ ഇത്തവണ തെരേസാ മെയ്യെ അനുകൂലിച്ചെങ്കിലും ഉടമ്പടി വീണ്ടും നിരാകരിക്കപ്പെട്ടു.

ഇതിനിടെ തെരേസാ മെയ്യുടെ രാജി ആവശ്യം ശക്തമായിക്കൊണ്ടിരുന്നു. അവർ ബ്രെക്സിറ്റ് സംഭാഷണങ്ങൾ കൈകാര്യം ചെയ്ത രീതിയിൽ അതൃപ്തി പ്രകടിപ്പിച്ചും, ബ്രിട്ടീഷ് താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് ആരോപിച്ചും, മന്ത്രിമാർ കാബിനെറ്റിൽനിന്നും രാജിവച്ചും സമ്മർദ്ദം ചെലുത്തി. രാജിവച്ച പ്രമുഖരിൽ കാര്യങ്ങളെല്ലാം മുന്നിൽക്കണ്ട് കഴിഞ്ഞ

വർഷാവസാനത്തിൽത്തന്നെ രാജിവച്ച അന്നത്തെ വിദേശ്യകാര്യ സെക്രട്ടറിയും (മന്ത്രി) ഇപ്പോൾ അധികാരമേറ്റ പ്രധാനമന്ത്രി ബോറിസ് ജോൺസണുംപെടും. തെരേസാ മെയ്‌യെ നിശിതമായി വിമർശിച്ചും, സ്വന്തം രാജിയടക്കമുള്ള തന്ത്രങ്ങൾ ഉപയോഗിച്ച് അവരെ രാജിവയ്ക്കാൻ സമ്മർദ്ദം ചെലുത്തിയതിനുപിന്നിലും രാജ്യതാല്പര്യങ്ങളേക്കാൾ പ്രധാനമന്ത്രിക്കസേരയിലുള്ള മോഹമായിരുന്നു ഈ നേതാക്കളെ പ്രേരിപ്പിച്ചതെന്നതിന് കൂടുതൽ വ്യക്തതവന്നു. എന്നാൽ തോറി നേതാക്കൾ അധികാരത്തിനായി ഒളിഞ്ഞും തെളിഞ്ഞും അടവുകൾ പയറ്റുന്നതും, പിന്നിൽനിന്നു കുത്തുന്നതും തെരേസാ മെയ്ക്ക് പരിചമില്ലാത്ത കാര്യമൊന്നുമല്ലല്ലോ. അവസാനം ബ്രെക്സിറ്റ് വിരോധികൾ തന്റെ രാജികൊണ്ട് തൃപ്തരാകുമെങ്കിൽ അതിനു തയ്യാറാണെന്നും അതിനുപകരമായി ബ്രെക്സിറ്റ് ഉടമ്പടി പാസ്സാക്കാൻ സഹായിക്കണമെന്നുവരെ അവർ അഭ്യർത്ഥിച്ചു. മൂന്നാംതവണയും അവർ അവതരിപ്പിച്ച ഉടമ്പടി നിരാകരിക്കപ്പെട്ടതോടെ തെരേസാ മെയ് ജൂൺ 7-ന് തൻറെ രാജി പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനിടെ ബന്ധം വേർപിരിയാനുള്ള സമയപരിധി ഏപ്രിൽ 12-ആയി ഈ.യു. നീട്ടിക്കൊടുത്തിരുന്നു.

ബന്ധവിച്ഛേദനക്കരാർ ബ്രിട്ടീഷ് പാർലമെന്റ് അംഗീകരിക്കുന്നതിനു വിലങ്ങുതടിയായി നിൽക്കുന്ന പ്രശ്നങ്ങളിൽ പ്രധാനം ഉത്തര അയർലണ്ടിന്റെ ഭാവിയിലെ രാഷ്ട്രീയവും, സാമൂഹികവും, സാമ്പത്തികവുമായ സ്ഥിതി എന്തായിരിക്കണമെന്ന തർക്കമാണെന്നു പറഞ്ഞുവല്ലോ. ഉത്തര അയർലണ്ട് ബ്രിട്ടന്റെ കീഴിൽനിന്നും മാറ്റി, തൊട്ടുകിടക്കുന്ന ഐറിഷ് റിപ്പബ്ലിക്കുമായി ലയിപ്പിക്കാൻ സിൻ ഫൈനിന്റെ നേതൃത്വത്തിൽ നടന്ന ഹിംസാത്മകമായ സമരം, 1998 ഏപ്രിൽ മാസത്തിലെ (ദുഃഖവെള്ളിയാഴ്ച) കരാറിനു ശേഷം രാജ്യത്ത് സമാധാനം പുനഃസ്ഥാപിച്ചുവെന്നു പറയാമെങ്കിലും യഥാർത്ഥത്തിൽ അവിടുത്തെ കാത്തലിക് വിശ്വാസികളുടെ ഐറിഷ് സ്വത്വബോധത്തിന് ഒട്ടും കുറവ് വന്നിട്ടില്ലെന്നതാണ് സത്യം. ഉത്തര അയർലണ്ടിൽ ബ്രിട്ടീഷ് വ്യക്തിത്വത്തിൽ മുറുകെപ്പിടിക്കുന്ന വിഭാഗമാകട്ടെ പ്രൊട്ടസ്റ്റന്റ് വിശ്വാസികളുമാണ്. പൊതുവെ ഇവർ തമ്മിലുള്ള വിശ്വാസക്കുറവിന് കാര്യമായി അയവുവന്നിട്ടില്ലെങ്കിലും 1998-നു മുൻപുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ ഉടൻ നീങ്ങുമെന്ന് അധികമാരും കരുതുന്നില്ല. പഴയ ഐറിഷ് റിപ്പബ്ലിക്കൻ ആർമിയുടെ യഥാർഥ പിൻതലമുറക്കാർ എന്നവകാശപ്പെടുന്ന ന്യൂ ഐ.ആർ.എ. പോലുള്ള തീവ്രവാദി സംഘടനകളുടെ പ്രവർത്തനങ്ങൾ ബ്രെക്സിറ്റിന്റെ പശ്ചാത്തലത്തിൽ പുതിയ വഴികൾ തേടുമെന്ന ആശങ്കയിലാണ് ബ്രിട്ടീഷ് സുരക്ഷാ അധികാരികൾ. ഈ വർഷമാദ്യം ലണ്ടൻബെറിയിൽ നടന്ന ബോംബ്സ്ഫോടനം കാര്യങ്ങളെ നിസ്സാരമായികാണാൻ കഴിയില്ലെന്നതിനുള്ള തെളിവുമാണ്.

1998-ലെ ദുഃഖവെള്ളിയാഴ്ച്ചക്കാരാർ തദ്ദേശീയർക്ക് സ്വീകര്യയാമാതിനു പിന്നിലെ പ്രധാന കാരണം ഉത്തര അയർലണ്ടിനും

ഐറിഷ് റിപ്പബ്ലിക്കിനുമിടയിലുള്ള അതിർത്തി ഫലത്തിൽ ഇല്ലാതായി എന്നതാണ്. ജങ്ങളുടേയും നാനാതരം ഉത്പന്നങ്ങളുടേയും ഇരുഭാഗത്തേയ്ക്കുമുള്ള സൈ്വരവും സ്വസ്ഥവുമായ വിനിമയം സഹർഷം സ്വാഗതം ചെയ്യപ്പെട്ടു. ഐറിഷ് റിപ്പബ്ലിക്ക് ഈ.യൂവിലെ അംഗമായിരുന്നുവെന്നത് കാര്യങ്ങൾ കൂടുതൽ എളുപ്പവുമാക്കി.

എന്നാൽ ഈ.യു. നേതൃത്വവുമായി ബ്രെക്സിറ്റ് ചർച്ചകൾക്ക് ബ്രസ്സൽസിലേക്ക് പോയ ബ്രിട്ടീഷ് സംഘങ്ങളോട് കൺസേർവേറ്റീവ് കക്ഷിയിലെ തീവ്ര ഈ.യു. വിരോധികൾ മുന്നോട്ടുവച്ച മുഖ്യ ആവശ്യം, ബന്ധവിച്ഛേദനത്തിനു ശേഷം ബ്രിട്ടൻ യൂറോപ്പ്യൻ സാമ്പത്തിക മേഖലയിലോ കസ്റ്റംസ് യുണിയനിലോ അംഗമായിരിക്കരുത് എന്നാണ്. ഈ ആവശ്യം അംഗീകരിക്കപ്പെട്ടാൽ ബ്രിട്ടനും ഈ.യുവും തമ്മിലുള്ള ഏക ഭൗമികാതിർത്തി, അതായത് ഉത്തര അയർലണ്ടും ഐറിഷ് റിപ്പബ്ലിക്കും പങ്കിടുന്നതും, എന്നാൽ ഇന്ന് പ്രായോഗികതലത്തിൽ നിലവിലില്ലാത്തതുമായ അതിർത്തി പുനർസ്ഥാപിക്കുക എന്നാവും. ഇത് ഉത്തര അയർലണ്ടുകാർക്കു സ്വീകാര്യമല്ലെന്നു മാത്രമല്ല, ബ്രിട്ടന്റെ "നുകക്കീഴിൽ"നിന്നും മോചനത്തിനുവേണ്ടി നിലകോള്ളുന്ന സിൻ ഫൈൻ പോലുള്ള ശക്തികൾക്ക് തങ്ങളുടെ അജണ്ട ശക്തിപ്പെടുത്താൻ വീണുകിട്ടുന്ന സുവർണാവസരം ഒരുക്കുക്കുകയുമാവും. ഈ ഉത്കണ്ഠ ദൂരീകരിക്കാൻ "ബാക്സ്റ്റോപ്" എന്ന ഓമനപ്പേരുനൽകി ഒരു പരിഹാരനിർദ്ദേശം മുന്നോട്ടുവയ്ക്കപ്പെട്ടു. [ബാക്സ്റ്റോപ്പിന് ഓൺലൈൻ ഇംഗ്ലീഷ്-മലയാള നിഘണ്ടുവിൽ "വിഘ്നം" എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്. എന്നാൽ ഈ വാക്ക് ഇപ്പോൾ ചർച്ചചെയ്യപ്പെടുന്ന ആശയത്തിനോട് നീതി പുലർത്തുന്നുണ്ടോയെന്നു സംശയമുള്ളതിനാൽ ബാക്സ്റ്റോപ് എന്ന ഇംഗ്ലീഷ് പദം തന്നെ ഉപയോഗിക്കുകയാവും ഉചിതമെന്നാണ് ലേഖകന്റെ അഭിപ്രായം.] ഈ ഒത്തുതീർപ്പു നിർദേശപ്രകാരം യു.കെയിലെ അംഗരാജ്യങ്ങളിൽ ഉത്തര അയർലൻഡ് മാത്രം താത്കാലികമായി യൂറോപ്പ്യൻ യൂണിയൻറെ കസ്റ്റംസ് യൂണിയനിൽ തുടരുക. ബ്രെക്സിറ്റ് ഇപ്പോൾ നടന്നാലും 2021-വരെ ഒരു സംക്രമണഘട്ടം അനുവദിക്കാൻ ബന്ധവിച്ഛേദനകരാറിന്റെ കരടിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ട്.

പക്ഷെ ഉത്തര അയർലണ്ടിൽ സാമ്പത്തികരംഗത്തും, സുരക്ഷാമേഖലയിലും ഇത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. അവയെല്ലാം തരണം ചെയ്യാൻ ബ്രിട്ടീഷ് സർക്കാർ കൂടെയുണ്ടാവുമെന്ന് ആവർത്തിച്ച് ഉറപ്പുനല്കുന്നുണ്ടെങ്കിലും ഇതു അവിടെ അസ്വസ്ഥതയുളവാക്കിഎന്നതാണ് സത്യം. ചരക്കുകളുടെയും ജനങ്ങളുടെയും നീക്കത്തെ നിരീക്ഷിക്കാനും ആവശ്യാനുസാരം നിയന്ത്രിക്കാനാനും മനുഷ്യവിഭങ്ങളേക്കാൾ കൂടുതൽ സഹായകരം സാങ്കേതിക വിദ്യകളാണെന്നും അവ ലഭ്യമാക്കാൻ ബ്രിട്ടൻ തയ്യാറാണെന്നും അവകാശപ്പെടുന്നു. എന്നാൽ വലിയ തോതിൽ ഇത്തരം സാങ്കേതികവിദ്യകളുടെ ലഭ്യതയേയും പ്രായോഗികതയേയും തദ്ദേശീയരായ വിമർശകർ ചോദ്യം ചെയ്യുന്നു. അത്തരം സാങ്കേതിക

സജ്ജീകരണങ്ങളാകും ന്യൂ ഐ.ആർ.എ. പോലുള്ള തീവ്രവാദ സംഘനകളുടെ ആക്രമണത്തിന് ആദ്യം ഇരയാവുക എന്ന് സുരക്ഷാകാര്യനിരീക്ഷകർ ഭയപ്പെടുന്നതായി അറിയാം. അതേസമയം ബാക്സ്റ്റോപ്പിനെക്കുറിച്ചുള്ള സംവാദങ്ങൾ മാധ്യമങ്ങളിൽ നിറഞ്ഞു തുടങ്ങിയതോടെ ഉത്തര അയർലണ്ടിലെ സാധാരണക്കാരിലും കാത്തോലിക്-പ്രൊട്ടസ്റ്റന്റ് സ്വത്വത്തിനെക്കുറിച്ചുള്ള ആത്മാവബോധം കൂടിവരുന്നതായുള്ള റിപ്പോർട്ടുകൾ ശുഭസൂചകങ്ങളല്ല. ചുരുക്കിപ്പറഞ്ഞാൽ ഇത്തരമൊരു സംവിധാനത്തിന്റെ ഭാഗമാകാൻ ഐറിഷ് ജനത, പ്രത്യേകിച്ച് ഉത്തര അയർലണ്ടുകാർ തയ്യാറല്ല എന്നതാണ് യഥാർത്ഥ പ്രശ്നം.

ബാക്സ്റ്റോപ് യാഥാർത്ഥ്യമായാൽ തങ്ങൾ ഇതുവരെ മുറുകെപ്പിടിച്ചിരുന്ന ബ്രിട്ടീഷ് സത്വത്തിൻറെ അന്ത്യം കുറിക്കലായിരിക്കും നടക്കുകയെന്ന് യൂണിയണിസ്റ്റുകളും വാദിക്കുന്നു. 2017-ലെ തിരഞ്ഞെടുപ്പിനുശേഷം ഭൂരിപക്ഷമില്ലാതിരുന്ന കൺസേർവേറ്റീവുകളെ, പ്രശ്നാധിഷ്ഠിതമാണെന്നു അടിക്കടി ഓർമിപ്പിച്ചുകൊണ്ടാണെകിലും താങ്ങിനിർത്തുന്നത് പ്രമുഖ യൂണിയണിസ്റ്റുകളായ ഡെമോക്രാറ്റിക് യൂണിയണിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ടുമാത്രം ഇക്കാര്യത്തിൽ അവരുടെ അഭിപ്രായത്തെ തള്ളിക്കളയാൻ വെസ്റ്റ് മിൻസ്റ്ററിൽ സ്വന്തമായി ഭൂരിപക്ഷമില്ലാത്ത കൺസേർവേറ്റിവുകൾക്കു കഴിയുകയുമില്ല. അതുമാത്രമല്ല, അത്തരമൊരു സംഭവവികാസത്തെ ഉത്തര അയർലണ്ടിനെ യു.കെയുടെ കുടക്കീഴിൽനിന്നുമകറ്റി പ്രദേശത്തെ ഐറിഷ് റിപ്പബ്ലിക്കുമായി യോജിപ്പിക്കാനുള്ള ശ്രമങ്ങൾക്കു ശക്തികൂട്ടാൻ ഐറിഷ് ഐക്യവാദികൾ, പ്രത്യേകിച്ചും സിൻ ഫൈൻ പോലുള്ള സമരോത്സുകമായ വിഭാഗങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്യും. ഐറിഷ് റിപ്പബ്ലിക്ക് ഈ.യു. അംഗമാണെന്നതുകൊണ്ട്, ഉത്തര അയർലൻഡ് ബ്രിട്ടനിൽ നിൽക്കുന്നതാണോ, അതോ ഐറിഷ് റിപ്പബ്ളിക്കിൽ ലയിക്കുന്നതാണോ തങ്ങൾക്കു ഗുണകരമാവുക എന്ന് ഇനിയും തീർപ്പുകല്പിക്കാനാകാത്ത ഈ.യു. വാദികളായ ഉത്തര അയർലണ്ടുകാരെ ബാക്സ്റ്റോപ് സ്വാധീനിക്കുമെന്നും പറയാം. 2016-ലെ ബ്രെക്സിറ്റ് ജനഹിതപരിശോധനയിൽ വോട്ടെടുപ്പിൽ പങ്കെടുത്ത 56 ശതമാനത്തോളം ഉത്തര അയർലൻണ്ടുകാരും ഈ.യുവിൽ തുടരണമെന്നാണ് ആവശ്യപ്പെട്ടിരുന്നത് ഓർക്കുക. 1998-ലെ ദുഖവെള്ളിയാഴച്ചക്കരാറിൽ, ഐറിഷ് റിപ്പബ്ളിക്കിൽ ചേരണമോ എന്ന കാര്യത്തിൽ വീണ്ടുമൊരു ജനഹിതപരിശോധന ആവശ്യമെങ്കിൽ നടത്താനുള്ള വ്യവസ്ഥയുണ്ടുതാനും. അപ്പോൾ ചോദ്യമിതാകും: ഉത്തര അയർലൻഡ്, ഈ.യുവിൽ അംഗമല്ലാത്ത ബ്രിട്ടനിൽ (യു.കെയിൽ) തുടരണോ അതോ ഈ.യുവിൽ അംഗമായ ഐറിഷ് റിപ്പബ്ലിക്കിൽ ലയിക്കണോ? ഇത്തരമൊരു അവസ്ഥാന്തരത്തിലേക്കു ഉത്തര അയർലണ്ടിനെയും, അതോടൊപ്പം ബ്രിട്ടനേയും കൊണ്ടെത്തിക്കാതിരിക്കാൻ പുതിയ പ്രധാനമന്ത്രി ബോറിസ് ജോൺസണ് കഴിയുമോ എന്ന ചോദ്യം ഇവിടെ പ്രസക്തമാവുന്നു.

ബോറിസ് ജോൺസൺറെ പ്രധാനമന്ത്രി സാധ്യത വ്യക്തമായപ്പോൾത്തന്നെ തെരേസാ മെയ് മന്ത്രിസഭയിലെ പ്രമുഖരായ മന്ത്രിമാരടക്കം പലനേതാക്കളും അദ്ദേഹത്തോടൊപ്പം ഗവണ്മെന്റിൽ ഉണ്ടാകില്ലെന്ന് വ്യക്തമാക്കിയിരുന്നു. ഇവരിൽ പ്രമുഖർ തെരേസാ മെയ് മന്ത്രിസഭയിലെ ധനകാര്യ മന്ത്രി ഫിലിപ്പ് ഹാമണ്ട്, വിദേശകാര്യമന്ത്രി സർ അല്ലൻ ഡങ്കൻ, നിയമമന്ത്രി ഡേവിഡ് ഗൗക്, തെരേസാ മേയ്-യുടെ വിശ്വസ്തനും ക്യാബിനറ്റ് ഓഫീസിന്റെ തലവനുമായിരുന്ന ഡേവിഡ് ലിഡിങ്ടൺ, അന്താരാഷ്ട്ര വ്യാപാരത്തിന്റെ ചുമതലയുള്ള മന്ത്രി ലിയാം ഫോക്സ് എന്നിവരാണ്. ഇവരിൽ പലരും ശക്തരായ ഈ.യു. വാദികളിലെങ്കിലും ഇവരുടെയെല്ലാം പ്രധാന എതിർപ്പ് ഒക്ടോബര് 31-നകം എന്തുവില കൊടുത്തും ബ്രെക്സിറ്റ് പ്രക്രിയ പൂർത്തിയാക്കും എന്ന ജോൺസൺറെ പിടിവാശിയോടാണ്. അതായത് ഈ.യുവുമായി ഒരു സമവായത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ലെങ്കിൽ ഉടമ്പടികളൊന്നുമുണ്ടാക്കാതെ ബന്ധം അറുത്തുമുറിച്ച് ബ്രസ്സൽസിൽനിന്നും ഇറങ്ങിപ്പോരുമെന്നാണ് ഈ.യു. വിരോധികളായ ജോൺസണും കൂട്ടാളികളും ആവർത്തിക്കുന്നത്. ഇത് ബ്രിട്ടന്റെ ഭാവിതാല്പര്യങ്ങക്ക് ഹാനികരമാണെന്നാണ് മുകളിൽപ്പറഞ്ഞ നേതാക്കളുടെ ഉറച്ച വിശ്വാസം.

ഉടമ്പടികളില്ലാതെ ബന്ധം വേർപെടുത്തിയാൽ ഈ.യുവുമായി നിലവിലുള്ള പ്രത്യേക ബന്ധങ്ങൾക്കുപകരം, സാധാരണ രണ്ടു രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങളായിരിക്കും ഈ.യുവിലെ ഓരോ രാജ്യവുമായി ബ്രിട്ടനുണ്ടാകുക. ഇതു രാഷ്ട്രീയതലത്തിലും, അതിനേക്കാൾ എത്രയോ ഉപരി സാമ്പത്തിക മേഖലയിലും ബ്രിട്ടന് വലിയ തിരിച്ചടികളാണുണ്ടാക്കുക; പ്രതേകിച്ചും ബന്ധംമോചനത്തിന്റെ ആദ്യഘട്ടങ്ങളിൽ. ഇതിനു പ്രധാന കാരണം തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ബ്രിട്ടന്റെ വാണിജ്യ-സാമ്പത്തിക ഇടപ്പാടുകളിൽ കാര്യമായ ഭാഗം ഈ.യു. രാജ്യങ്ങളുമായാണ് എന്നതുതന്നെ. അതേസമയം, ഈ.യുവിന്റെ നിയന്ത്രണങ്ങളും ഇടപെടലുകളുമില്ലാതെ ലോകരാഷ്ട്രങ്ങളുമായി സ്വതന്ത്ര വ്യാപാരത്തിൽ ഏർപ്പെട്ടും, ഈ.യുവിനു നൽകേണ്ട ഭീമമായ വരിസംഖ്യ ലാഭിച്ചുംമറ്റും കൂട്ടിക്കിഴിച്ചു നോക്കുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരമൊരു പിരിഞ്ഞുപോരൽ ബ്രിട്ടന് ഗുണകരമാകുമെന്ന ജോൺസണടക്കമുള്ള ഈ.യു. വിരോധികളുടെ വാദം എത്രകണ്ടു ശരിയാകുമെന്ന് കാലം തെളിയിക്കട്ടെ.

മൂന്നു മാസങ്ങൾകൊണ്ട്, അതായത് ബ്രെക്സിറ്റിനുള്ള പുതിയ സമയപരിധിയായ ഒക്ടോബർ 31-നു മുൻപ്, സങ്കീർണമായ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്താൻ ബോറിസ് ജോൺസൻറെ കൈവശം എന്ത് മാന്ത്രികപദ്ധതികളാണുള്ളതെന്ന് ആർക്കുമറിയില്ല. തെരേസാ മെയ് അവതരിച്ച നിർദ്ദേശങ്ങളുടെ ഒരു പരിഷ്കരിച്ച പതിപ്പിനപ്പുറം നൂതനമായ എന്ത് ആശയങ്ങളാണ് അദ്ദേഹത്തിന് മുന്നോട്ടുവയ്ക്കാൻ കഴിയുക? ഒക്ടോബർ 31 എന്ന കടുംപിടുത്തത്തിൽ നിന്നും അയയുവാൻ തയ്യാറായില്ലെങ്കിൽ ഒരു സമവായാധിഷ്ഠിത

ഒത്തുതീർപ്പിനുള്ള സാധ്യതൾ വിരളമാണ്. കാരണം, പുതിയ കരാറിനെക്കുറിച്ച് ആലോചിക്കേണ്ടെന്ന് ഈ.യു. നേതൃത്വം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഈ.യുവിന്റെ ഈ സമീപനത്തിൽ നാളെ അയവു വന്നുകൂടെന്നെന്നുമില്ല. പക്ഷെ അവരും തങ്ങളുടെ താല്പര്യം സംരക്ഷിക്കാനും, മറ്റുരാജ്യങ്ങൾ ബ്രിട്ടന്റെ മാതൃക തുടരാതിരിക്കാൻ വേണ്ട മുൻകരുതൽ എന്ന നിലയിലും വലിയതോതിൽ സൗജന്യങ്ങൾക്കൊന്നും വഴങ്ങാൻ സാധ്യത കുറവാണ്. ആ അവസ്ഥയിൽ ബ്രെക്സിറ്റ് ഒരു ഹാർഡ് എക്സിറ്റ്, അതായത് ഒത്തുതീർപ്പു കാരാറുകളില്ലാത്ത കഠോരമായ നിർഗമനത്തിലായിരിക്കും അവസാനിക്കുക. അപ്പോൾ യൂറോപ്പ്യൻ സാമ്പത്തിക മേഖലയിലോ, കസ്റ്റംസ് യൂണിയനിലോ അംഗമല്ലാത്ത ബ്രിട്ടനോടൊപ്പം തുടരാൻ വിവിധ കാരണങ്ങളാൽ സ്കോട്-ലൻഡിലും, ഉത്തര അയർലണ്ടിലും എതിർപ്പുകളുയരുമെന്നു നേരത്തെ പ്രതിപാദിച്ചിരുന്നതാണല്ലോ. ഈ എതിർപ്പ്, കാര്യമായ നിയമതടസ്സങ്ങളൊന്നുമില്ലാതെ ഈ രണ്ടു പ്രദേശങ്ങളിലും നടത്താവുന്ന ജനഹിതപരിശോധനകളിലൂടെ പ്രകടമാവുകയും, അത് അവരുടെ യു.കെയിൽ നിന്നുള്ള പുറത്തുപോകലിന് വഴിവയ്ക്കുകയും ചെയ്യാം. അങ്ങിനെ വന്നാൽ അനതിവിദൂരഭാവിയിൽ സ്കോട്-ലൻഡ് ഈ.യുവിൽ അംഗത്വമുള്ള ഒരു സ്വാതന്ത്രരാജ്യമായി മാറിയേക്കാം. ഉത്തര അയർലൻഡ് ഈ.യുവിൽ അംഗത്വമുള്ള ഐറിഷ് റിപ്പബ്ലിക്കിൽ ലയിച്ചേക്കാം. യു.കെയാകട്ടെ, ലണ്ടനും വെയിൽസും മാത്രമടങ്ങുന്ന അല്പംകൂടി ചെറിയൊരു രാഷ്ട്രമായി മാറിയേക്കാം. ഇത്തരമൊരു സാഹചര്യമൊഴിവാക്കാൻ ബോറിസ് ജോൺസൺ ശ്രമിക്കാതിരിക്കില്ലെന്ന് ന്യായമായും ആശിക്കാം.

പ്രശ്നപരിഹാരത്തിനായി താനെടുക്കുന്ന തീരുമാനങ്ങൾക്കു ജനപിന്തുണയും വിശ്വാസ്യതും ഉണ്ടെന്നു വരുത്താനായി മറ്റൊരു ജനഹിതപരിശോധനയ്ക്കോ, വീണ്ടുമൊരു ഇടക്കാല തിരഞ്ഞെടുപ്പിനോ ജോൺസൺ തയ്യാറാകുമെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. അതിൽ, 2017-ൽ തെരേസാ മെയ് ചെയ്തതുപോലെ ഒരു ഇടക്കാല തിരഞ്ഞെടുപ്പിന്റെ വഴിയായായിരിക്കും അദ്ദേഹത്തിന് കൂടുതൽ അഭികാമ്യമെന്നതിന് സൂചനകളുമുണ്ട്. അഭിപ്രായ സർവ്വേകളേയും, തന്റെ വിശ്വസ്തരുടെ വിശ്ലേഷണങ്ങളെയുമെല്ലാം അന്ധമായി വിശ്വസിച്ച് പൊതുതിരഞ്ഞെടുപ്പിനു മൂന്നു വർഷംമുമ്പ് ഇടക്കാല തിരഞ്ഞെടുപ്പുനടത്തി നിലവിലുണ്ടായിരുന്ന ഭൂരിപക്ഷവും നഷ്ടപ്പെട്ട് കൂടുതൽ ദുർബലയായി, സ്കോട്ടിഷ് യുണിയണിസ്റ്റുകളുതേടക്കം ദയയിൽ ഭരണം നടത്തേണ്ടിവന്ന തെരേസാ മെയ്യുടെ വിധി ജോൺസൺ മറക്കാൻ അത് അത്ര പഴയ സംഭവമൊന്നുമല്ലല്ലോ.

## ബ്രെക്സിറ്റും ഇന്ത്യയും

ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായ ഈ.യുവുമായി ഒരു സ്വതന്ത്ര വ്യാപാരക്കരാർ (എഫ്.ടി.എ) ഉണ്ടാക്കാനായി 2007-ൽ തന്നെ ശ്രമങ്ങൾ

ആരംഭിച്ചിരുന്നെങ്കിലും ഇന്നുമത് സാക്ഷാത്ക്കരിക്കാനായിട്ടില്ല. പല ഉത്പന്നങ്ങളുടേയും താരിഫുകളുക്കുറിച്ചുള്ള തർക്കങ്ങൾ തന്നെയാണ് പ്രധാന വിലങ്ങുതടി. ഇന്ന് ബ്രിട്ടനുമായുള്ള നമ്മുടെ വ്യാപാരങ്ങൾ അതിന്റെ യഥാർഥ സാധ്യതകളിലെത്താൻ കഴിയാത്തതും ഈ.യുവുമായി ഇത്തരത്തിലുള്ളൊരു എഫ്.ടി.എ .യുടെ അഭാവം തന്നെ. ബ്രിട്ടൻ ഈ.യുവിൽ നിന്നും പുറത്തുവരുമ്പോൾ ആ രാജ്യവുമായുള്ള വ്യാപാരബന്ധങ്ങളിൽ ദ്രുതഗതിയിലുള്ള വര്ധനയുണ്ടാകുമോയെന്ന ചോദ്യത്തിന് അപ്പോൾ പ്രസക്തിയേറുന്നു. മുഖ്യമായും ഉഭയകക്ഷി താരിഫ് നിരക്കുകളുടെകാര്യത്തിൽ അഭിപ്രായ സമന്വയമുണ്ടാകാതെ ഇത്തരത്തിലുള്ള ഒരു വൻ വർദ്ധനവ് ഉടൻ പ്രതീക്ഷിക്കാനാവില്ലെന്നു ബ്രെക്സിറ്-അനന്തര ഇന്ത്യ-ബ്രിട്ടൻ വ്യാപാരബന്ധങ്ങളെക്കുച്ച് അടുത്തിടെ നടന്ന ഒരു ചർച്ചയിൽ ഉയർന്നബ്രിട്ടീഷ് ഉദ്യോഗസ്ഥർ പരസ്യമായിത്തന്നെ വിശദീകരിച്ചിരുന്നു. താരീഫ് തർക്കങ്ങൾക്ക് ഉടനടി ഒരു പരിഹാരം പ്രതീക്ഷിക്കാനാകാത്തതുകൊണ്ടുതന്നെ വ്യാപാരമേഖലയിൽ ഇന്ത്യ ഒരു "ഒന്നാം ശ്രേണി രാജ്യ"മായി തത്ക്കാലം പരിഗണിക്കപ്പെടില്ലെന്നാണ് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ സംശയത്തിനിടം നൽകാതെ വ്യക്തമാക്കിയത്. ബ്രിട്ടനിൽ മുതൽമുടക്കുകയും, അതിലൂടെ അന്നാട്ടിൽ തൊഴിലുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന രാജ്യങ്ങളുടെ മുൻനിരയിലാണ് ഇന്ത്യയുടെ സ്ഥാനം എന്ന വസ്തുത അംഗീകരിച്ചു കൊണ്ടുനടത്തിയ ഒരു പ്രസ്താവമാണിതെന്നോർക്കുക!

2016-ൽ ബ്രെക്സിറ്റ് സമയത്തു് ലേഖകൻ പങ്കെടുത്ത ചർച്ചകളിളെല്ലാം അഭിമുഖീകരിക്കേണ്ടിവന്ന ഒരു ചോദ്യം ഓർമ്മവരുകയാണ്. ബ്രെക്സിറ്റുകൊണ്ട് ഇന്ത്യക്ക്, പ്രത്യേകിച്ച് കേരളത്തിനുണ്ടാകാവുന്ന ഗുണങ്ങളും ദോഷങ്ങളും എന്തെല്ലാമാണ്? യൂറോപ്പിലെ മറ്റുഭാഗങ്ങളിൽനിന്നുള്ള കുടിയേറ്റം ക്രമീകരിക്കപ്പെടുമ്പോൾ നമ്മുടെ മനുഷ്യവിഭവസമ്പത്തിന്, പ്രത്യേകിച്ചും നമ്മുടെ ഐ.ടി. വിദഗ്ദ്ധർക്കും, മറ്റു സാങ്കേതിക നിപുണതയുള്ളവർക്കും, നഴ്സുമാർക്കും മറ്റും ഇത് ഗുണം ചെയ്യില്ലേ? നമ്മുടെ വിദ്യാർത്ഥികൾക്കു പഠനത്തിനോ, അതുകഴിഞ്ഞാൽ അനുഭവജ്ഞാനം തേടാനാനും, അവരെടുത്ത വിദ്യാഭ്യാസലോണിന്റെ തിരിച്ചടവിനുവേണ്ട പണം ഒരതിർത്തിവരെയെങ്കിലും സമാഹരിക്കാനുമായി ചുരുങ്ങിയത് കുറച്ചകാലത്തേക്കെങ്കിലും ജോലിചെയ്യാനുമുള്ള അവസരമൊരുക്കാൻ ബ്രെക്സിറ്റ് സഹായകമാകുമോ?

മുകളിലെ ചോദ്യത്തിനുള്ള ഉത്തരം ഒരതിർത്തിവരെ ഈ.യു.വിരോധികളിലെ പ്രമുഖരുടെതന്നെ ചില ആഖ്യാനങ്ങളിൽ ഒളിഞ്ഞുകിടപ്പുണ്ട്. കുടിയേറ്റത്തെ ഈ വിഭാഗം അന്ധമായി എതിർക്കുന്നിലില്ലെന്നു മാത്രമല്ല, വ്യക്തമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ അസൂത്രണം ചെയ്ത കുടിയേറ്റത്തെ അനുകൂലിക്കുന്നുവെന്നുമാണ് ഇവർ പറയുന്നത്. അതായത് ഈ.യു. നിയമങ്ങളുടെ പഴുതിൽ പൂർവ, ദക്ഷിണ യൂറോപ്പ്യൻ പ്രാദേശങ്ങളിൽനിന്നുമുള്ള കുടിയേറ്റപ്രവാഹത്തിനു പകരം, ലോകത്തിന്റെ വിവധ കോണുകളിൽ നിന്നും സാങ്കേതിത യോഗ്യതയും

അനുഭവസമ്പത്തുമുള്ള മേന്മകൂടിയ മനുഷ്യസമ്പത്തിനെ, ആവശ്യാനുസരണം മാത്രം സ്വാഗതം ചെയ്യണമെന്നാണ് അവരുടെ വാദം. കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങൾ പിൻതുടരുന്ന രീതിയിൽ വിദ്യാഭ്യാസയോഗ്യത, തൊഴിൽ, ഇംഗ്ലീഷ് ഭാഷയിലുമുള്ള നൈപുണ്യം തുടങ്ങിയ യോഗ്യതകൾക്കെല്ലാം മാർക്കുകൾ നൽകിയുള്ള പോയിൻറ്-അധിഷ്ഠിത സമ്പ്രദായമായിക്കും ബ്രിട്ടനും അഭികാമ്യമാവുകയെന്നാണ് ഇവരുടെ വാദം. ആ നിലക്ക് ബ്രെക്സിറ്റ് സാമജ്ഞസ്യമൊന്നുമില്ലാതെ യാഥാർഥ്യമാവുകയും, മുകളിൽപ്പറഞ്ഞ രീതിയിലുള്ള ഒരു പുതിയ കുടിയേറ്റനയം നിലവിൽവരുകയും ചെയ്താൽ അതിന്റെ ആനുപാതിക ഗുണം ഇന്ത്യക്കും ലഭിക്കും. അതോടൊപ്പം വ്യക്തിഗത നൈപുണ്യത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനക്കാരേക്കാൾ ഒട്ടും പിന്നിലല്ലാത്ത മലയാളി യുവാക്കളും ഇതിൻറെ ഗുണഭോക്താക്കളാവും. പക്ഷെ, ബ്രിട്ടീഷ് പൗരന്മാർക്ക് മറ്റു ഈ.യു. രാജ്യങ്ങളിൽ തൊഴിൽ ചെയ്യാനും വ്യാപാര-വാണിജ്യ ഇടപാടുകൾ നടത്താനുമുള്ള അവസരങ്ങൾ ലഭിക്കാനുമായി സമാനമായ സൗജന്യങ്ങൾ തിരിച്ചും നൽകേണ്ടിവരുമ്പോൾ എന്താവും ഇക്കാര്യത്തിലെ അന്തിമസ്ഥിതിയെന്നറിയാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബ്രിട്ടനും ഈ.യുവുമായുള്ള മോചന വ്യവസ്ഥകളുടെ വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ കാത്തിരുന്നേ മതിയാവൂ.

വാൽക്കഷണം: *ഇവിടെ ലേഖകന് ഉത്തരമറിയാത്ത ഒരു ചോദ്യമുണ്ട്. ബ്രെക്സിറ്റിൻറെ കാര്യത്തിൽ എല്ലാ കക്ഷികൾക്കും വ്യക്തമായ നിലപാടുകളുണ്ടായിരുന്നിട്ടും സാമാജികർക്കു ഇക്കാര്യത്തിൽ പാർട്ടി വിപ്പിന്റെ നിയന്ത്രണങ്ങളില്ലാതെ സ്വന്തം അഭിപ്രായമനുസരിച്ചു വോട്ടുചെയ്യാൻ കഴിഞ്ഞത് സത്യത്തിൽ കാര്യങ്ങളെ കൂടുതൽ കുഴപ്പിക്കുകയായിരുന്നോ, അതോ ജനാധിപത്യം അതിനിൻറെ ഈറ്റില്ലത്തിൽ സമാനകളില്ലാത്ത വിജയം കൈവരിക്കുകയായിരുന്നോ?*

(ഇന്ത്യയുടെ വിവിധ നയതന്ത്രകാര്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ലേഖകൻ കൊച്ചിയിലെ സെന്റർ ഫോർ പബ്ലിക് പോളിസി റിസെർച്ചിൽ സീനിയർ ഫെല്ലോ ആണ്.)